# 23

# അടിയിൽ തട്ടാതെ എങ്ങനെ മുകളിലെത്താം

## 2 ശമുവേൽ 8-12; 21; 23; 1 ദിനവൃത്താന്തം 11; 18-20; 23; 27

ബുക്ക് സ്റ്റോറിലെ സ്വയം - അഭിവൃദ്ധിപ്പെടുന്നതിനെ കുറിച്ചുള്ള മിക്ക പുസ്തകങ്ങളും ഒന്നുകിൽ എങ്ങനെ പരാജയത്തെ നേരിടാം അല്ലെങ്കിൽ എങ്ങനെ വിജയിക്കാം എന്നു പ്രതിപാദിക്കുന്നവയാണ്. സ്വഭാവാനുസാരേണ അവയുടെ പേരുകളിൽ *പൂർണ്ണ വിജയത്തിനുള്ള* വഴി, *വിജയിക്കുന്നതിന്റെ കല, വിജയിക്കുവാൻ ജനിക്കുക, നിങ്ങൾക്ക് മികവു പുലർത്താം, ഒരിക്കലും പരാജയപ്പെടാത്ത വിജയ വ്യവസ്ഥ* എന്നിവ ഉൾപ്പെടുന്നു. സംഘർഷം, ക്ഷീണം, അഭിമാന കുറവ്, നിരാശ, ബുദ്ധിമുട്ടുള്ള ആളുകൾ, ദേഷ്യം, ബഹുമാനമില്ലായ്മ, ഭയം, ദുഃഖം മുതലായവയെ എങ്ങനെ നേരിടാമെന്നാണ് ആ പുസ്തകങ്ങൾ കാണിക്കുന്നത്. സ്പഷ്ടമായും, ഒരു പുസ്തകവും വിജയത്തോട് എതിരിടുന്നതെങ്ങനെ എന്ന് പറയുന്നില്ല.

എങ്ങനെയായാലും, നമ്മുടെ ഏറ്റവും വലിയ ആവശ്യങ്ങളിൽ ഒന്നാണ്, വിജയത്തെ കൈകാര്യം ചെയ്യുന്നതിനുള്ള സഹായം. വിപത്ത് നമ്മളെ നേരിടുമ്പോൾ, നാം ഏറ്റവും നല്ലവരായിരിക്കും. ഒരു ചുഴലിക്കാറ്റ് ഒരു പ്രദേശത്തെ ശൂന്യമാക്കുമ്പോൾ, ജലപ്രളയം വീടുകളെയും കൃഷി സ്ഥലങ്ങളെയും നശിപ്പിക്കുമ്പോൾ, അയൽവക്കത്ത് തീ പടർന്നു പിടിക്കുമ്പോൾ, നാം അവ ബാധിക്കപ്പെട്ടവർക്കുചുറ്റും ഉണ്ടാകും. നാം നമ്മുടെ സമയവും, പണവും, ഊർജ്ജവും അവരെ സഹായിക്കുന്നതിനായി ചിലവിടും. കാര്യങ്ങൾ നന്നായി പോകുമ്പോഴാണ് നാം മത്സരിക്കുന്ന പിശാചുക്കളായി മാറി, മുകളിലേക്ക് അള്ളിപ്പിടിച്ചു കയറാൻ വേണ്ടി, ആളുകളെ ഉപയോഗിക്കുകയും പിന്നീട് അവരെ ഉപേക്ഷിക്കുകയും ചെയ്യുന്നത്.

വിജയം വരുമ്പോൾ, നമ്മുടെ കാഴ്ച്ചപ്പാട് നഷ്ടമാകും. അമേരിക്കയിലുള്ളവർ സാമ്പത്തിക മാന്ദ്യത്തിൽ പരാതിപ്പെടും, എന്നാൽ അവർ ഇപ്പോഴും ലോകത്തിലുള്ള 99 ശതമാനം ശേഷിച്ചവരെക്കാൾ ഉയർന്നു തന്നെ നിൽക്കുന്നു. നമ്മുടെ കഠിനാദ്ധ്വാനത്തെ കുറിച്ചു നാം പരാതിപ്പെടുന്നു, എന്നാൽ നമ്മുടെ പിതാക്കന്മാർക്കുണ്ടായിരുന്നതിനേക്കാൾ ഒഴിവുസമയം നമുക്കുണ്ട്. നമ്മുടെ പണത്താലും ഒഴിവു സമയത്താലും, നാം, ചുരുക്കത്തിൽ, “മുക

ളിൽ എത്തി," എങ്കിലും നമ്മിൽ മിക്കപേരും "അടിയിൽ തട്ടുകയാണ്."

വിജയത്തെ നമുക്ക് എങ്ങനെ എതിരിടുവാൻ കഴിയും? എത്രമാത്രം വിജയിയായിരുന്നു ദാവീദു എന്നു നാം കാണുമ്പോൾ, നമ്മുടെ ആത്മാക്കളെ നഷ്ടപ്പെടുത്താതെ നമുക്ക് എങ്ങനെ വിജയിക്കാമെന്ന നിർദ്ദേശങ്ങൾ കണ്ടെത്താം. ദാവീദിന്റെ ശേഷിച്ച വർഷങ്ങളിൽ പാപത്തിന്റെ നിഴൽ വീഴുന്നതിനു മുൻപുണ്ടായിരുന്ന അവസാനത്തെ സന്തോഷകരമായ ദിനങ്ങളെ കുറിച്ചു നമുക്കു പഠിക്കാം.

ദാവീദ് സ്ഥാപിച്ചതായ സാമ്രാജ്യത്തിന് ആയിരിക്കും ഊന്നൽ നൽകുക. ആ സംഭവങ്ങളുടെ പ്രാധാന്യത്തെ നാം കുറച്ചുകാണുവാൻ ആഗ്രഹിക്കുന്നില്ല. യെഹൂദന്മാരെ സംബന്ധിച്ച്, ഈ വർഷങ്ങളും ശലോമാന്റെ വാഴ്ചയിലെ ആരംഭ വർഷങ്ങളും എപ്പോഴും യിസ്രായേലിന്റെ "സുവർണ്ണയുഗം" ആയിരിക്കും. അതേസമയം, നാം ആ സംഭവങ്ങളുടെ പ്രാധാന്യത്തിന് അതിർകവിഞ്ഞ ഊന്നൽ കൊടുക്കുകയും അരുത്. ആത്മീയ വിഷയങ്ങളിൽ ഊന്നൽ കൊടുക്കുന്ന മുഴുവൻ അദ്ധ്യായങ്ങൾക്കും വിപരീതമായി, ഉദാഹരണമായി നിയമ പെട്ടകം യെരുശലേമിലേക്ക് കൊണ്ടുവരുന്നത്, മിക്ക സംഭവങ്ങളിലും, ദേശങ്ങളെ അധീനമാക്കൽ കുറച്ചു വാക്യങ്ങളിൽ ഒതുക്കിയിരിക്കുന്നു. ബൈബിൾ അത്തരം കാഴ്ച്ചപ്പാടാണ് നല്കുന്നത്.

യോദ്ധാവ്, പൗരൻ, രാജാവ് എന്നീ നിലയിൽ - എങ്ങനെയായാലും, ദാവീദ് വിജയി*യായിരുന്നു*, എന്ന വസ്തുത നിലനില്ക്കുന്നു. അവന്റെ വിജയം രേഖപ്പെടുത്തിയിരിക്കുന്നത് നാം അവലോകനം ചെയ്യുമ്പോൾ, ജീവിതത്തിലെ മുഖ്യമായവ നഷ്ടപ്പെടാതെ മുകളിലെത്താൻ - അവനെ പ്രാപ്തമാക്കിയതും - നമ്മെ പ്രാപ്തമാക്കാൻ സാധിക്കുന്നതുമായ വസ്തുതകൾ നോക്കുക.

## ദാവീദ് മുകളിൽ എത്തി

2 ശമുവേൽ 8-10-ൽ ദാവീദ് രാജാവിന്റെ നേട്ടങ്ങളുടെ പട്ടിക ഉന്നതിയിൽ എത്തുന്നു. ആ അദ്ധ്യായങ്ങൾ ദാവീദിന്റെ ജീവിതത്തിൽ പിന്നീടുവരുന്ന മോശമായ ദിനങ്ങളെ സൂചിപ്പിക്കുന്നു.

### ഒരു സാമ്രാജ്യം സ്ഥാപിച്ചു (2 ശമു. 8; 21; 23; 1 ദിനവൃ. 11; 18; 20)

2 ശമുവേൽ 8-ലെ വിവരണങ്ങളിൽ അധികവും ദാവീദിന്റെ സൈനിക വിജയങ്ങളുടെ ചുരുക്കമാണ്. ആ വിജയങ്ങളെ നാം വായിക്കുമ്പോൾ, മൂന്നു വസ്തുതകൾ ഓർക്കേണ്ടതുണ്ട്: (1) അബ്രഹാമിന് വർഷങ്ങൾക്കുമുൻപ് നല്കിയതായ വാഗ്ദാനം ദാവീദ് നിറവേറ്റുകയായിരുന്നു (ഉല്പത്തി 15:18-21). (2) വർഷങ്ങൾക്കുമുൻപ് യോശുവ തുടങ്ങിയത് ദാവീദ് പൂർത്തിയാക്കുകയായിരുന്നു (യോശുവ 1:4; 21:43). (3) ആലയം പണിയുന്നതിനു മുൻപ് ദൈവം ആവശ്യപ്പെട്ട സമാധാനം ദാവീദ് സ്ഥാപിക്കുകയായിരുന്നു.

*പാശ്ചാത്യർക്ക്.* സൈനിക വിജയങ്ങളുടെ പട്ടിക ഫെലിസ്ത്യരോടുകൂടെ ആരംഭിക്കുന്നു, അവർ യിസ്രായേലിന്റെ തുടർശത്രുവായിരുന്നു (*ദാവീദിന്റെ സാമ്രാജ്യത്തെ* കുറിച്ചുള്ള പടം നോക്കുക). "അനന്തരം[1] ദാവീദ് ഫെലിസ്ത്യരെ ജയിച്ചടക്കി; മൂലസ്ഥാനത്തിന്റെ[2] [അതായത്, ഗാത്ത്[3]] ഭരണം ഫെലിസ്ത്യരുടെ കയ്യിൽനിന്നു കരസ്ഥമാക്കി" (2 ശമുവേൽ 8:1).

ഫെലിസ്ത്യരോടുള്ള ദാവീദിന്റെ യുദ്ധങ്ങൾ അസംഖ്യമായിരുന്നു. ദാവീദ്

ചുറ്റുമുള്ള ദേശങ്ങളോടു ചെയ്ത യുദ്ധങ്ങളെ തരംതിരിച്ച് ചുരുക്കമായി നമുക്കു പരിശോധിക്കാം. ദാവീദ് സകല യിസ്രായേലിനും രാജാവായി തീർന്ന പ്പോൾ ആ ദേശത്തിനെതിരായി രണ്ടു നിർണ്ണായക യുദ്ധങ്ങൾ നടത്തിയത് നാം വായിക്കയുണ്ടായി (2 ശമുവേൽ 5). 2 ശമുവേലിന്റെ അവസാനഭാഗ ത്തുള്ള അനുബന്ധത്തിൽ, ഫെലിസ്ത്യരുമായി[4] നേരിടുന്നതിനെ കുറിച്ചുള്ള പല വിവരണങ്ങളുടെയും ചുരുക്കം നാം കാണുന്നു.

രണ്ടു ശമുവേൽ 21:15-22 നാലു യുദ്ധങ്ങളെ കുറിച്ചു പറയുന്നതിൽ നാലു ഫെലിസ്ത്യ മല്ലന്മാർ കൊല്ലപ്പെടുന്നു, അവരെല്ലാവരും പ്രസിദ്ധനായ ഗൊല്യാത്തുമായി ബന്ധപ്പെട്ടവരായിരുന്നു എന്നു കാണാം. ആദ്യം, യുദ്ധം നീണ്ടുപോയതിനാൽ, ദാവീദ് ക്ഷീണിച്ചുപോയിരുന്നു. (അവൻ അസ്പഷ്ട മായി സംസാരിച്ചുകാണും എന്നാണ് ഞാൻ കരുതുന്നത്, "ഈ വാൾ സാധാ രണ എന്നതിനേക്കാൾ ഭാരമുള്ളതായി തോന്നുവാൻ കാരണമെന്ത്? ഞാൻ ഇളകേണ്ടതുപോലെ പെട്ടെന്ന് ഇളകാത്തതെന്തുകൊണ്ട്? തീർച്ചയായും എനിക്കു വാർദ്ധക്യമായില്ലല്ലോ? തീർച്ചയായും ഇല്ല!") യിശ്ബി-ബെനോബ്, എന്ന ഫെലിസ്ത്യൻ "മല്ലന്റെ പിൻഗാമികളിൽ പെട്ടവനായിരുന്നു" (വാ. 16), അവൻ ദാവീദ് തളർന്നുപോയതു കാണുകയും അവനെ കൊന്നുകൊണ്ട് "മല്ലനെ കൊന്നവൻ" എന്ന പേരെടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അവൻ രാജാവിന്റെ അടുക്കലേക്ക് വലിയ കുന്തവും[5] നല്ല-മൂർച്ചയുള്ള വാളു മായി[6] ഓടി അടുത്തു. അബീശായി - യോവാബിന്റെ സഹോദരനും കുറ്റ കൃത്യങ്ങളിൽ പങ്കാളിയായിരുന്നവനും, എപ്പോഴും ആരെയെങ്കിലും കൊല്ലു വാൻ വ്യഗ്രതയുള്ളവനും (1 ശമുവേൽ 26:6-9; 2 ശമുവേൽ 16:8, 9; 19:21) - സംഭവിക്കുന്നത് കാണുകയും ദാവീദിന്റെ അരികിലേക്കു പായുകയും ചെയ്തു. ഈ സമയത്ത് ശത്രുവിനെ കൊല്ലുവാൻ അവൻ ദാവീദിന്റെ അനു വാദം ചോദിച്ചില്ല; അവൻ കൊല്ലുകയായിരുന്നു. (അവൻ എന്നും ഒരു തല വേദന ആയിരുന്നുവെങ്കിലും ദാവീദ് അവനെ തന്നോടൊപ്പം കൂട്ടിയിരുന്നത് എന്ത് എന്ന് ഇതു വ്യക്തമാക്കുന്നു.)

ദാവീദിന്റെ കഷ്ടിച്ചുള്ള ആ രക്ഷപ്പെടൽ അവന്റെ ഭൃത്യന്മാരെ ഭയപ്പെടു ത്തി. അടുത്ത പ്രാവശ്യം വീട്ടിൽ തന്നെ ഇരിക്കുവാൻ അവർ അവനോടു അപേക്ഷിച്ചു: "നീ യിസ്രായേലിന്റെ ദീപം കെടുക്കാതിരിക്കേണ്ടതിന്നു, മേലാൽ ഞങ്ങളോടുകൂടെ യുദ്ധത്തിനു പുറപ്പെടരുത്" (വാ. 17). വിശുദ്ധസ്ഥലത്തു കത്തിക്കൊണ്ടിരുന്ന സ്വർണ്ണ നിലവിളക്കായിരിക്കാം സൂചിപ്പിച്ചത്, ആ ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്നത് അതു മാത്രമാണ്. ദാവീദ് യിസ്രായേൽ രാജ്യ ത്തിന്റെ ഏറ്റവും വലിയ നായകനാണെന്ന് അവർ തിരിച്ചറിഞ്ഞു.

രണ്ടാമത്തെ യുദ്ധത്തിൽ, ഒരു യിസ്രായേല്യ പടയാളി "മല്ലന്മാരുടെ പിൻഗാമികളിൽ" മറ്റൊരുത്തനെ കൊന്നു (വാ.18). മൂന്നാമത്തെ യുദ്ധത്തിൽ, ദാവീദിന്റെ "ശക്തിയുള്ളവരിൽ" ഒരുവൻ (2 ശമുവേൽ 23:24) ഗൊല്യാത്തിന്റെ[7] അടുത്ത ബന്ധുവായിരുന്ന ഒരു മല്ലനെ കൊന്നു. നാലാമത്തെ യുദ്ധത്തിൽ, കൈകളിലും കാലുകളിലും ആറു വിരലുകൾ വീതമുള്ള ഒരുമല്ലനെ ദാവീ ദിന്റെ അനന്തരവൻ കൊന്നു (വാ. 20, 21).

കൂടാതെ, 2 ശമുവേൽ 23-ൽ ദാവീദിന്റെ "വീരന്മാരെ" കുറിച്ചും അവ രുടെ പരാക്രമങ്ങളെ കുറിച്ചും നടന്നതായി പറയുന്ന എല്ലാ "വീര പ്രവൃത്തി കളും" ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ സംഭവിച്ചതാണ്. ഉദാഹരണത്തിനു, ഒരിക്കൽ യിസ്രായേല്യർ ഫെലിസ്ത്യരുമായി യുദ്ധം ചെയ്തപ്പോൾ, ഒരു

യോദ്ധാവ് ഒഴിച്ചു മറ്റെല്ലാ യിസ്രായേല്യരും പിൻവാങ്ങിപ്പോയി. അയാൾ പിൻവാങ്ങുവാൻ കൂട്ടാക്കാതെ "തന്റെ കൈ ... വാളിനിരയാകുന്നതുവരെ" യുദ്ധം ചെയ്തുകൊണ്ടിരുന്നു. അവന്റെ ധൈര്യത്തിനു ദൈവം പ്രതിഫലം നല്കി "അന്നു വലിയോരു വിജയം കൊടുത്തു" (വാ. 10). മറ്റൊരവസരത്തിൽ, യിസ്രായേല്യരുടെ ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ, മറ്റെല്ലാവരും ഓടി പോയപ്പോൾ, ഒരു യോദ്ധാവു വയലിന്റെ നടുവിൽ ഉറച്ചു നിന്നു പോരാടി! വീണ്ടും "യഹോവ വലിയോരു വിജയം നല്കി" (വാ.12).

നാം വായിക്കുന്നതായ ദാവീദിന്റെ ജീവിതത്തിൽ നടന്ന ഏറ്റവും ഹൃദയസ്പർശിയായ സംഭവങ്ങളിൽ ഒന്ന് ഫെലിസ്ത്യരുമായുള്ള ഏറ്റുമുട്ടലിനിടയിൽ നടന്നതാണ്. ദാവീദിന്റെ മാതൃപട്ടണമായ ബേത്ത്ലേഹെമിൽ, ഫെലിസ്ത്യർക്കു അവരുടെ സൈന്യങ്ങൾക്കു താമസിക്കുവാൻ ഒരു കോട്ടയുണ്ടായിരുന്നു. ദാവീദും അവന്റെ സൈന്യവും പട്ടണത്തിനു പുറത്തു പാളയമടിച്ചിരുന്നു. ദാവീദ് ബേത്ത്ലേഹെമിനെ കുറിച്ചു ചിന്തിച്ചപ്പോൾ, അവനിൽ ഗൃഹാതുരത്വം നിറഞ്ഞു ഉറക്കെ പറഞ്ഞു: "ബേത്ത്ലേഹെം പട്ടണവാതില്ക്കലെ കിണറ്റിൽനിന്നു വെള്ളം എനിക്കു കുടിപ്പാൻ ആർ കൊണ്ടുവന്നുതരും!" (2 ശമുവേൽ 23:15). അത് ഒരു അപേക്ഷയായിരുന്നില്ല; തന്റെ ആദ്യകാലത്തിൽ എന്ന പോലെ, പഴയ കിണറ്റിലെ വെള്ളം വീണ്ടും കുടിക്കുവാൻ ദാവീദ് വെറുതെ ആഗ്രഹിച്ചു. എങ്ങനെയായാലും, അവന്റെ അടുത്തു നിന്നിരുന്നവർക്കു ദാവീദിനെ ഇഷ്ടമായിരുന്നു, അവന്റെ ആഗ്രഹം അവരുടെ കല്പനയായിരുന്നു. ദാവീദിന്റെ "മൂന്നു വീരന്മാർ" ഫെലിസ്ത്യരോടു പോരാടി, പട്ടണവാതില്ക്കലുള്ള കിണറ്റിൽ നിന്നു വെള്ളം കോരി, തിരിച്ചുവരുന്ന വഴി പോരാടിക്കൊണ്ട്, അവരുടെ സൈന്യാധിപനു വെള്ളം കൊണ്ടു കൊടുത്തു.

അവർ ദാവീദിന്റെ മുമ്പിൽ തലകുനിച്ചു നില്ക്കുന്നതും, കപ്പിൽ വെള്ളം നൽകുന്നതും, വെള്ളം കപ്പിനുപുറത്തേക്ക് കവിഞ്ഞുപോകുന്നതും എനിക്കു കാണാം. അവരുടെ വസ്ത്രമെല്ലാം കീറിയതും രക്തം പുരണ്ടതുമായിരിക്കാം, ശരീരത്തിൽ മുഴുവനും മുറിവുകളുമുണ്ടാവാം - അതെല്ലാം ഒരു കപ്പ് വെള്ളം തങ്ങളുടെ നായകനു കൊണ്ടുവരുന്നതിനു വേണ്ടിയായിരുന്നു. ദാവീദ് വികാരഭരിതനായി. തന്റെ ആളുകളുടെ ജീവന്റെ വിലയുള്ളതായ ആ വെള്ളം കുടിക്കുവാൻ അവൻ മടിച്ചു. അവൻ ആ കപ്പിലെ വെള്ളം യഹോവക്കു പാനിയ യാഗമായി നിലത്ത്, പതുക്കെ ഒഴിച്ചു. ദാഹാർത്തയായ ഭൂമി അതു ആർത്തു കുടിച്ചപ്പോൾ, അവൻ പറഞ്ഞു, "യഹോവേ, ഇതു ചെയ്വാൻ, എനിക്കു സംഗതി വരരുതേ. തങ്ങളുടെ പ്രാണനെ ഉപേക്ഷിച്ചുപോയപുരുഷന്മാരുടെ രക്തം ഞാൻ കുടിക്കയോ?" (വാ. 17). ദാവീദിനു തന്റെ വീരന്മാരോടുണ്ടായിരുന്ന ബഹുമാനം പെട്ടെന്നു മറക്കാവുന്നതല്ല.

ഫെലിസ്ത്യരുടെമേൽ യുദ്ധങ്ങൾ ജയിച്ചതിന്റെ മറ്റു ഉദാഹരണങ്ങളും നല്കാം. ചുരുങ്ങിയ വാക്കുകളിൽ എത്രത്തോളം പറഞ്ഞിരിക്കുന്നു എന്നു നാം അറിയേണ്ടതിന് ഇവ നൽകിയിരിക്കുന്നു: "... അനന്തരം ദാവീദ് ഫെലിസ്ത്യരെ പിടിച്ചടക്കി" (2 ശമുവേൽ 8:1). ദാവീദിന്റെ മറ്റു ദേശങ്ങളിന്മേലുള്ള വിജയങ്ങൾ നോക്കുമ്പോൾ ഇതു മനസിൽ സൂക്ഷിക്കുക. ഓരോ വാക്യത്തിലും രക്തവും, വിയർപ്പും, കണ്ണീരിന്റെ നനവും കാണാം. ദാവീദ് സാമ്രാജ്യം സ്ഥാപിച്ചതിനെ സംബന്ധിച്ച്, "ദാവീദ് ഫെലിസ്ത്യരെ പിടിച്ചടക്കി" എന്ന വാക്കുകൾ സൂചിപ്പിക്കുന്നത് ദാവീദ് തന്റെ പടിഞ്ഞാറുള്ള ശത്രുക്കളെ കീഴടക്കി എന്നാണ്.

*കിഴക്ക്.* ദാവീദ് കിഴക്കുള്ള ശത്രുക്കളെയും കീഴടക്കി എന്നു 2 ശമുവേൽ 8:2-ൽ നമുക്കു കാണാം:

> അവൻ മോവാബ്യരെയും തോൽപിച്ചു, അവരെ നിലത്തു കിടത്തി, ചരടുകൊണ്ട് അളന്നു; കൊല്ലുവാൻ രണ്ടു ചരടും ജീവനോടെ രക്ഷിപ്പാൻ ഒരു ചരടുമായി അവൻ അളന്നു. അങ്ങനെ മോവാബ്യർ ദാവീദിന്നു, ദാസന്മാരായി കപ്പം കൊടുത്തുവന്നു.

അബ്രഹാമിന്റെ അനന്തരവനായിരുന്ന,[8] ലോത്തിന്റെ പിൻഗാമികളായിരുന്നു മോവാബ്യർ. മോവാബിൽ വിഭജിക്കപ്പെട്ട ദേശത്തിന്റെ ഒരു ഭാഗവും ഉപ്പ് (ചാവ്) കടലിന്റെ തെക്കു-കിഴക്ക് വ്യാപിച്ചുകിടക്കുന്ന മരുഭൂമിയും ഉൾപ്പെടുന്നു. വാക്യം 2 നമുക്ക് ഉത്തരം നൽകാൻ കഴിയാത്ത ചോദ്യങ്ങൾക്കു പ്രേരിപ്പിക്കുന്നു. ദൈവശ്വാസിയ രേഖകൾ അനുസരിച്ച്, ദാവീദിന് മോവാബ്യരുമായി നല്ല ബന്ധമാണ് ഉണ്ടായിരുന്നത്. മോവാബ്യ സ്ത്രീയായിരുന്ന രൂത്തിന്റെ വലിയ-പേരക്കുട്ടിയായിരുന്നു ദാവീദ് (രൂത്ത് 4:17-22). അവൻ അഭയാർത്ഥി ആയിരുന്നപ്പോൾ തന്റെ മാതാപിതാക്കളെ മോവാബ് രാജാവിനെ ഏൽപ്പിച്ചിരുന്നു (1 ശമുവേൽ 22:3, 4). ഇതിനുപുറമെ, ദാവീദ് പരാജയപ്പെടുത്തിയ മോവാബ്യരോടു മറ്റു ദേശങ്ങളോട് കാണിക്കാത്ത വിധത്തിൽ ക്രൂരമായി പെരുമാറുകയും,[9] അവരിൽ മൂന്നിൽ-രണ്ട് ഭാഗം ആളുകളെ കൊല്ലുകയുമുണ്ടായി.[10] ഇതിന് അവനെ പ്രേരിപ്പിച്ചതെന്താണ്? "ദാവീദ് ഇത്രയും ക്രൂരത അവരോടു കാണിപ്പാൻ കാരണം, അവൻ മോവാബ് രാജാവിൽ,[11] ... ഭരമേല്പിച്ചതായ തന്റെ മാതാപിതാക്കളെയും കുടുംബത്തെയും പൂർണ്ണമായി നശിപ്പിച്ചതുകൊണ്ടാണെന്ന് യെഹൂദ എഴുത്തുകാർ പറയുന്നു." ഒരുപക്ഷെ അങ്ങനെയായിരിക്കാം; ചിലപ്പോൾ അല്ലായിരിക്കാം. ദാവീദിന്റെ പ്രവൃത്തിയുടെ യഥാർത്ഥ കാരണം നമുക്ക് അറിയായ്ക കൊണ്ട്, അതിനോടു അകൽച്ച തോന്നിയാലും, നമുക്ക് ദാവീദ് ചെയ്തത് ശരിയോ തെറ്റോ എന്നു തീർച്ചപ്പെടുത്തുവാൻ സാദ്ധ്യമല്ല.

ദാവീദ് അമ്മോന്യരെയും[12] തോൽപ്പിച്ചിട്ടുണ്ട്, അവർ മോവാബിനു വടക്ക്, യോർദ്ദാൻ നദിയുടെ കിഴക്കുള്ള മരുഭൂവാസികളായിരുന്നു. മോവാബ്യരെപോലെ തന്നെ, അമ്മോന്യരും ലോത്തിന്റെ[13] പിൻഗാമികളായിരുന്നു. അങ്ങനെ, യിസ്രായേലിന്റെ കിഴക്കുള്ള ശത്രുക്കളെയും അവർ കീഴ്പ്പെടുത്തി.

*വടക്ക്.* ഇനി നമുക്ക് വടക്ക് ദാവീദിനുണ്ടായിരുന്ന വിജയത്തെ നോക്കാം: "രെഹോബിന്റെ മകനായി, സോബരാജാവായ ഹദദേസെർ, നദീ [എഫ്രാത്ത്] തീരത്തുള്ള തന്റെ ആധിപത്യം യഥാസ്ഥാനപ്പെടുത്തുവാൻ പോയപ്പോൾ ദാവീദ് അവനെ തോല്പിച്ചു" (2 ശമുവേൽ 8:3). സിറിയയുടെ ഭാഗമായിരുന്ന, സോബ, ദമസ്കോസിന്റെ വടക്കായി സ്ഥിതിചെയ്യുന്ന പർവ്വത നിരയുള്ള രാജ്യമായിരുന്നു. എഫ്രാത്ത് നദീ തീരത്തുള്ള പ്രദേശങ്ങൾ പിടിച്ചടക്കുവാൻ സോബ രാജാവ് യുദ്ധം ചെയ്തുകൊണ്ടിരുന്നപ്പോൾ, ദാവീദ് അവന്റെ സൈന്യത്തെ പിന്നിൽ നിന്ന് ആക്രമിച്ചു. 21,700 പേരെ തടവിലാക്കിക്കൊണ്ട്,[14] ദാവീദിന് വലിയൊരു വിജയം ഉണ്ടായി. നിരവധി കുതിരകളെയും രഥങ്ങളെയും[15] അവൻ പിടിച്ചെടുത്തു.

സിറിയയുടെ തലസ്ഥാനമായിരുന്ന ദമസ്കോസിൽ ദാവീദിന്റെ വിജയപ്പട എത്തിയപ്പോൾ സിറിയക്കാർ[16] ഭയന്ന്, അവർ സോബ രാജാവിന്റെ

സഹായം തേടി. അത് വലിയ വിലപ്പെട്ട തെറ്റായി പോയി. ദാവീദ് ഇരുപത്തി-രണ്ടായിരം സിറിയക്കാരെ കൊല്ലുകയും, ശേഷിച്ചവർ യിസ്രായേലിന്റെ അടിമകളാകുകയും ചെയ്തു. വടക്കുള്ള എഫ്രാത്ത് നദിവരെ ദാവീദ് വിജയിച്ചു തന്റെ സാമ്രാജ്യം വിപുലമാക്കി.

ദാവീദ് ഈ വീരകൃത്യം എങ്ങനെ നിർവ്വഹിച്ചു എന്ന് 2 ശമുവേൽ 8:6–ന്റെ അവസാനത്തിൽ ഊന്നിപ്പറയുന്നു. ദാവീദ് സൈനികപരമായി മികവുറ്റവൻ ആയിരുന്നു, അവന്റെ സൈന്യാധിപന്മാർ ധൈര്യശാലികളായിരുന്നു, അവന്റെ വീരന്മാരായ ആളുകൾ യുദ്ധം ചെയ്യുന്ന യന്ത്രങ്ങളുമായിരുന്നു; എന്നാൽ ആ ഘടകങ്ങൾ മാത്രമായിരുന്നില്ല അവന്റെ ശ്രദ്ധേയമായ വിജയത്തിനു കാരണം. മറിച്ച്, "ദാവീദ് പോയ സ്ഥലത്തെല്ലാം *യെഹോവ* അവനെ സഹായിച്ചു." (എംഫസിസ് മൈൻ.) ഈ വാക്കുകൾ അടിവരയിടുക; നമ്മുടെ പാഠത്തിന്റെ ഈ ഭാഗത്തിലെ വിഷയം അവയാണ്.

ബഹുമതി ആർക്കു കൊടുക്കണമെന്ന് ദാവീദിന് അറിയാമായിരുന്നു. തന്റെ വിജയത്തിൽ ലഭിച്ച സ്വർണ്ണ പരിചകളും ധാരാളം താമ്രവും ഉൾപ്പെടെയുള്ള കൊള്ള മുതൽ, അവൻ യെരുശലേമിലേക്ക് കൊണ്ടുവന്ന്, "യഹോവയ്ക്ക് അവ പ്രതിഷ്ഠിച്ചു." (2 ശമുവേൽ 8:11). ആ കൊള്ള മുതലിൽ അധികവും ദൈവാലയ ഭണ്ഡാരത്തിനായി മാറ്റിവെച്ചു (1 ദിനവൃത്താന്തം 18:8; 26:26 മുതൽ; 1 രാജാക്കന്മാർ 7:5; 2 ദിനവൃത്താന്തം 5:1).

ലോകത്തിലെ സമ്പത്ത് ദാവീദിന്റെ ഭണ്ഡാരത്തിലേക്ക് ഒഴുകു വാൻ തുടങ്ങി. ഹമാത്ത്[17] രാജാവ് തന്റെ പഴയ ശത്രുവായിരുന്ന, സോബ രാജാവിനെ, ദാവീദ് തോല്പിച്ചു എന്നു കേട്ടപ്പോൾ ദാവീദിന് സ്വർണ്ണം, വെള്ളി, താമ്രം എന്നിവ ധാരാളം സമ്മാനമായി അയച്ചുകൊടുത്തു.[18] ദാവീദ് കീഴ്പ്പെടുത്തിയ ദേശങ്ങളിൽ നിന്ന് വിലയുള്ള ലോഹങ്ങളും ഒഴുകിയെത്തി: സിറിയ, മോവാബ്, അമ്മോന്യ, ഫെലിസ്ത്യ, അമാലേക്,[19] സോബ. അവയെല്ലാം യഹോവെക്ക് സമർപ്പിച്ചു. (പിന്നീട് ദാവീദ് ശലോമോനോട്, താൻ 100,000 താലന്ത് സ്വർണ്ണവും 1,000,000 താലന്ത് വെള്ളിയും ദേവാലയത്തിനായി ശേഖരിച്ചു എന്നു പറഞ്ഞു (1 ദിനവൃത്താന്തം 22:14)! ഇത് എഴുതുമ്പോൾ, അമേരിക്കയുടെ ദേശീയ കടം ഏതാണ്ട് മുന്നൂറ് 300 $ അടുത്തിരുന്നു. ദാവീദിന് എന്നാൽ *മിച്ചമായി* വന്ന ദേശീയ മുതൽ ഏതാണ്ട് 100 $ ഡോളറായിരുന്നു!)

*തെക്ക്.* ദാവീദ് തന്റെ സാമ്രാജ്യം പടിഞ്ഞാറോട്ടും, കിഴക്കോട്ടും, വടക്കോട്ടും വ്യാപിപ്പിച്ചു. ഇനി നമുക്ക് തെക്കുള്ള, എദോമിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കാം. രണ്ട് ശമുവേൽ 8:13 പറയുന്നു, "പിന്നെ ദാവീദ് ഉപ്പു താഴ്‌വരയിൽ വെച്ച് 18,000 അരാമ്യരെ സംഹരിച്ചു മടങ്ങിവന്നപ്പോൾ തനിക്കു കീർത്തി സമ്പാദിച്ചു."[20] ഉപ്പു താഴ്‌വര ഉപ്പ് (ചാവ്) കടലിന് തെക്കായതു കൊണ്ടും 1 ദിനവൃത്താന്തം 18:12–ൽ കൊടുത്തിരിക്കുന്ന സൂചന "എദോമ്യർ" എന്നുള്ളതുകൊണ്ടും, ആ വേദഭാഗം ഒരുപക്ഷെ അരാമ്യർക്കു (സിറിയക്കാർ) പകരം എദോമ്യരെ ആകാം സൂചിപ്പിച്ചത്.[21] എദോമ്യരെ ദാവീദ് തോല്പിച്ചതു കൊണ്ട് അവന് അക്കോബാ ഉൾക്കടലിലേക്ക് പ്രവേശിക്കുവാനും, തെക്കോട്ട് വ്യാപാരമാർഗ്ഗം ഒരുക്കുവാനും കഴിഞ്ഞു.

2 ശമുവേൽ 8:14–ന്റെ അവസാന ഭാഗത്ത് വീണ്ടും മുഖ്യപ്രയോഗം കാണുന്നു: "ദാവീദ് ചെന്നയിടത്തൊക്കെയും യെഹോവ അവന് വിജയം നൽകി." ആ സത്യത്തിന്റെ ചുരുക്കമാണ് സങ്കീർത്തനം 60. അത് എഴുതപ്പെട്ടത് ഉപ്പു താഴ്‌വരയിൽ[22] നടന്ന യുദ്ധത്തിന്റെ ആരംഭഘട്ടത്തിലായിരുന്നു. അതെഴുതുന്ന

സമയത്ത്, എദോമ്യരുമായുള്ള യുദ്ധം നന്നായിട്ടല്ലായിരുന്നു നീങ്ങിയത്. അത് തുടങ്ങുന്നു, "ദൈവമേ; നീ ഞങ്ങളെ തള്ളിക്കളഞ്ഞു, ചിതറിച്ചിരിക്കുന്നു. നീ കോപിച്ചിരിക്കുന്നു; ഞങ്ങളെ, യഥാസ്ഥാനത്താക്കേണമേ" (വാ. 1). ദാവീദ് ചോദിച്ചു, "ഉറപ്പുള്ള നഗരത്തിലേക്ക് എന്നെ ആർ കൊണ്ടുപോകും? എദോമിലേക്ക് എന്നെ ആർ വഴി നടത്തും?" (വാ.9). സങ്കീർത്തനത്തിന്റെ അവസാനത്തിൽ തന്റെ ചോദ്യത്തിന് അവൻ തന്നെ ഉത്തരം നൽകുന്നു: "ദൈവത്താൽ നാം വീര്യം പ്രവർത്തിക്കും, അവൻ തന്നെ നമ്മുടെ വൈരികളെ മെതിച്ചുകളയും" (വാ. 12). തനിക്കു വിജയം നൽകിയവനെ ദാവീദ് ഒരിക്കലും മറന്നില്ല.

### സംഘടിപ്പിച്ചതായ ഒരു രാജ്യം (2 ശമു. 8; 1 ദിനവൃ. 23-27)

ദാവീദിന്റെ ഭരണത്തെ ചുരുക്കി പറയുന്നതാണ് 2 ശമുവേൽ 8–ന്റെ അവസാന ഭാഗം: "ഇങ്ങനെ ദാവീദ് എല്ലാ യിസ്രായേലിനെയും വാണു; ദാവീദ് തന്റെ സകല ജനത്തിനും നീതിയും ന്യായവും നടത്തിക്കൊടുത്തു" (വാ. 15). രാജപദവിയിൽ മറ്റുള്ളവർ ന്യായാധിപന്മാരായി സേവിച്ചു, എന്നാൽ അന്തിമ തീർപ്പ് രാജാവിന്റേതായിരുന്നു. ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിൽ, രാജാവ് മുഖപക്ഷം കാണിക്കാതിരിക്കയും ന്യായമായി പ്രവർത്തിക്കയും വേണമായിരുന്നു.[23]

രണ്ട് ശമുവേൽ 8:16–18 പറയുന്നതു അധികാരം എങ്ങനെ ഉപയോഗിക്കണമെന്നറിയാമായിരുന്ന കഴിവുള്ള ഒരു ഭരണാധികാരി ആയിരുന്നു ദാവീദ് എന്നാണ്. യോവാബ് സൈന്യാധിപനായിരുന്നു. ദാവീദിന് സംഭവിക്കുന്നതെല്ലാം അപ്പപ്പോൾ അവനെ അറിയിക്കുവാൻ ഒരു "രേഖപ്പെടുത്തുന്നയാൾ" ഉണ്ടായിരുന്നു, അവൻ രാജാവിന്റെ കല്പനകൾ ജനങ്ങളോട് വിളംബരം ചെയ്തുകൊണ്ടിരുന്നു. സാദോക്കും അഹീമലേക്കും മഹാപുരോഹിതന്മാരായി സേവ ചെയ്തിരുന്നു. (സ്പഷ്ടമായും, യിസ്രായേലിന് കുറച്ചു കാലത്തേക്ക് രണ്ടു മഹാപുരോഹിതന്മാരുണ്ടായിരുന്നു: സാദോക്ക് ആദ്യം, ഗിബയോനിലെ[24] സമാഗമന കൂടാരത്തിലും, അഹീമലേക്കിനോടൊപ്പം ഒരുപക്ഷെ യെരുശലേമിലെ[25] നിയമപെട്ടകത്തിന്മേലും ശുശ്രൂഷിച്ചിരിക്കാം.) ദാവീദിന്റെ "വീരന്മാർ ആയവരിൽ" ഒരാളെ (2 ശമുവേൽ 23:20–23) അവന്റെ അംഗരക്ഷകൻ ആക്കി – അംഗരക്ഷകന്മാർ ക്രേത്ത ദ്വീപിൽ[26] നിന്നും ഫെലിസ്ത്യയിൽ[27] നിന്നും ശമ്പളത്തിനുവേണ്ടി പ്രവർത്തിച്ചവരായിരുന്നു. ഔദ്യോഗിക രേഖകൾ സൂക്ഷിക്കുന്നതിനും രേഖപ്പെടുത്തുന്നതിനും ഉത്തരവാദിത്വപ്പെട്ട ഒരു രാജകീയ സെക്രട്ടറിയും ഉണ്ടായിരുന്നു. ദാവീദ് തന്റെ പുത്രന്മാരെയും ഭരണതലത്തിൽ ഉപയോഗിച്ചു. 2 ശമുവേൽ 8:18–ൽ അവരെ "മുഖ്യ മന്ത്രിമാർ" എന്ന് പറയുന്നു, എന്നാൽ 1 ദിനവൃത്താന്തം 18:17 പറയുന്നത് അവർ "രാജാവിന്റെ മുഖ്യ സ്ഥാനക്കാർ"[28] എന്നാണ്.

നിങ്ങൾക്ക് ദാവീദ് എന്തു നല്ല സംഘടിപ്പിക്കുന്നവൻ ആണെന്നു മനസിലാക്കണമെന്നുണ്ടെങ്കിൽ, 1 ദിനവൃത്താന്തം 23–27 വായിക്കുക. മതപരമായ ശുശ്രൂഷയ്ക്ക് ലേവ്യരെ അവൻ സംഘടിപ്പിച്ചതിനെ കുറിച്ച് മിക്ക രേഖകളും പറയുന്നുണ്ട് (അദ്ധ്യായങ്ങൾ 23–26), എന്നാൽ എപ്പോഴും യുദ്ധത്തിന് തയ്യാറായിരിക്കത്തക്കവണ്ണം ഒരു സൈന്യത്തെയും ദാവീദ് സംഘടിപ്പിച്ചിരുന്നു (27:1–24). കൃഷി പ്രാധാന്യമുള്ളതാകയാൽ, ദേശത്ത് അതിനുത്തരവാദിത്വപ്പെട്ടവരെയും അവൻ സംഘടിപ്പിച്ചിരുന്നു (27:25–31). ദാവീദിന്റെ ജോലിക്കാരായി മറ്റുപലരെയും ഉൾപ്പെടുത്തിയിരുന്നതായി പറഞ്ഞുകൊണ്ടാണ് രേഖപ്പെടു

ത്തൽ അവസാനിക്കുന്നത്, അതിൽ അവന്റെ ഉപദേഷ്ടാക്കന്മാരും അവന്റെ മക്കളെ പഠിപ്പിച്ചിരുന്ന രാജകീയ അദ്ധ്യാപകന്മാർ പോലും ഉൾപ്പെടുന്നു (27:32–34). വിശദാംശങ്ങളെ കുറിച്ച് കരുതലുള്ളവരായിരിക്കണം വിജയിക്കുന്ന മനുഷ്യർ.

**പാലിച്ചതായ ഒരു വാഗ്ദാനം (2 ശമുവേൽ 9)**

2 ശമുവേൽ 9–ൽ നമുക്ക് "ദാവീദിന്റെ ജീവിതത്തിലെ മനോഹരവും ഏറ്റവും സ്പർശിക്കുന്നതുമായ ഒരു ഭാഗം"[29] ഉള്ളതായി കാണാം – ദാവീദും യോനാഥാനും തമ്മിലുള്ള സൗഹൃദത്തെ കുറിച്ചുള്ള കഥയ്ക്ക് അതു യോജിക്കുന്ന ക്ലൈമാക്സാണ്.

സകല യിസ്രായേലിനും ദാവീദ് രാജാവായി തീർന്നിട്ട് ഏതാണ്ടു പത്തുവർഷം കഴിഞ്ഞു. അവന്റെ രാജ്യം സ്ഥാപിതമാകുകയും അഭിവൃദ്ധി പ്പെടുകയും ചെയ്തു; അവന്റെ ഗവൺമെന്റ് സംഘടിപ്പിച്ചതും പ്രവർത്തിക്കു ന്നതുമായിരുന്നു. അവന് പുനരാലോചനക്ക് സമയം ഉണ്ടായിരുന്നു. അവന്റെ ചിന്തകൾ തിരിഞ്ഞത് ഒരു വീരയോദ്ധാവിലേക്കാണ്, അവന്റെ സ്നേഹിതൻ ആയിരുന്ന യിസ്രായേലിന്റെ പ്രഭുവിനെ കുറിച്ചും, അവൻ ഇതുവരെ അറി ഞ്ഞിട്ടില്ലാത്ത യഥാർത്ഥ നിസ്വാർത്ഥ സ്നേഹത്തെ കുറിച്ചും – രണ്ടു ദശാബ്ദ കാലത്തിനു മുൻപ് ചെയ്ത ഒരു വാഗ്ദാനത്തെ കുറിച്ചും അവൻ ഓർത്തു. ദാവീദ് ജീവനും കൊണ്ട് ഓടുന്നതിനുമുൻപ് കുറച്ചുസമയം വയലിൽ ആ യുവ പ്രഭുവുമായി അവനല്പം സമയം ചിലവിട്ടപ്പോൾ, യോനാഥാൻ തന്റെ ഏക ആവശ്യം ഉന്നയിച്ചു: "ഞാൻ ഇനി ജീവനോടിരിക്കയാകുന്നു [നീ രാജാ വായി തീരുമ്പോൾ] എങ്കിൽ, ഞാൻ മരിക്കാതവണ്ണം യഹോവയുടെ ദയ, നീ കാണിക്കുകയില്ലേ? എന്റെ ഗൃഹത്തോടും നിന്റെ ദയ ഒരിക്കലും അറ്റുപോക രുത്" (1 ശമുവേൽ 20:14, 15). ദാവീദ് എല്ലായ്പ്പോഴും യോനാഥാനോടും അവന്റെ കുടുംബത്തോടും ദയ കാണിക്കുമെന്നായിരുന്നു വാഗ്ദാനം ചെയ്തത് (1 ശമുവേൽ 20:17).

തന്റെ പ്രതിജ്ഞ നിറവേറ്റുവാനുള്ള ദാവീദിന്റെ സമയം വന്നു. അവന് യോനാഥാനെ സഹായിപ്പാൻ കഴിഞ്ഞില്ല; പ്രഭു ഫെലിസ്ത്യ അമ്പുകളാൽ ഗിൽബോവാ പർവ്വതത്തിൽ വെച്ചു വീണുപോയി. ദാവീദിന്, എങ്ങനെയാ യാലും, യോനാഥാന്റെ കുടുംബത്തിൽ അപ്പോഴും ജീവിച്ചിരിക്കുന്നവരോടു തന്റെ പ്രതിജ്ഞ നിറവേറ്റുവാൻ കഴിയും.

അവരെ എങ്ങനെ കണ്ടെത്തും എന്നുള്ളതാണ് പ്രശ്നം. പാശ്ചാത്യ രാജാ ക്കന്മാർ സാധാരണ ശക്തരായ എതിരാളികളെ സിംഹാസനത്തിൽ ഇരുത്തി യിരുന്നതിനാൽ, അധികാരത്തിൽ നിന്നു നീക്കിയ രാജാവിന്റെ ബന്ധുക്കളെ തരം താഴ്ത്തിയിരുന്നു. ദാവീദ് ചോദിച്ചു, "യോനാഥാൻ നിമിത്തം ഞാൻ ദയ കാണിക്കേണ്ടതിന്, ശൗലിന്റെ ഗൃഹത്തിൽ ഇനി ആരെങ്കിലും ശേഷിച്ചി ട്ടുണ്ടോ?" (2 ശമുവേൽ 9:1). ശൗലിന്റെ പെൺമക്കളിൽ ഒരാൾ ദാവീദിന്റെ വീട്ടിൽ തന്നെ ഉണ്ടായിരുന്നു – മീഖൾ – എന്നാൽ അവളുടെ കുടുംബത്തിൽ പെട്ട ആരെങ്കിലും എവിടെയെങ്കിലും ഉണ്ടെങ്കിലും, അവൾ പറയുവാൻ തയ്യാ റായില്ല (അവൾക്ക് ദാവീദിനോടൊപ്പം നിൽക്കുവാൻ കഴിഞ്ഞില്ല). അവസാ നം, ശൗലിന്റെ ദാസനും കൃഷിക്കാരനുമായിരുന്ന സീബ എന്നൊരാളെ ആരോ കണ്ടെത്തി. ദാവീദ് അവനോടു ചോദിച്ചു, "ശൗലിന്റെ ഗൃഹത്തിൽ ഞാൻ ദൈവത്തിന്റെ ദയ കാണിക്കേണ്ടതിന് ഇനി ആരെങ്കിലും ശേഷിച്ചിരിപ്പുണ്ടോ?"

സീബ പറഞ്ഞു, "രണ്ടു കാലിനും മുടന്തുള്ള യോനാഥാന്റെ ഒരു മകൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്" (2 ശമുവേൽ 9:3).[30]

ആ മകന്റെ പേരായിരുന്നു മെഫീബോശെത്ത് (അല്ലെങ്കിൽ മെരീബ്-ബാൽ[31]). അവന്റെ അപ്പനും വല്യപ്പനും അവന് അഞ്ചുവയസ്സുണ്ടായിരുന്നപ്പോൾ മരിച്ചുപോയി (നോക്കുക 2 ശമുവേൽ 4:4). ശൗലും യോനാഥാനും മരിച്ചു എന്നു അവനെ നോക്കിയിരുന്ന ധാത്രി കേട്ടപ്പോൾ, അവൾ ഭയ-പരവശയായി – ഫെലിസ്ത്യർ അവരെ കൊല്ലുമെന്നും, ഒരുപക്ഷെ യിസ്രായേലിലെ പുതിയ രാജാവും അവരെ കൊല്ലുമെന്നു ഭയന്നിരിക്കാം. അവൾ കുനിഞ്ഞ് ബാലനായ മെഫീബോശെത്തിനെയും എടുത്ത് ഓടി – എന്നാൽ തിടുക്കത്തിലായതിനാൽ, അവൾ വീണുപോയി. അവൾ വീണ്ടും ബാലനെ എടുത്ത് ഇരുട്ടിലേക്കു ഓടിപ്പോയി. കുറച്ചു കഴിഞ്ഞ് അവന്റെ മൃദുലമായ കാലുകൾ വീർത്ത് വികൃതമായിരിക്കുന്നതു കണ്ടു. ആ കുട്ടി ആയുഷ്ക്കാലം മുഴുവൻ മുടന്തനായി തന്നെയിരുന്നു.

മാഖിർ[32] എന്നുപേരുള്ള ഒരു മനുഷ്യന്റെ വീട്ടിൽ മെഫീബോശെത്ത് അഭയാർത്ഥിയായി കഴിഞ്ഞു, അവൻ ഗിലയാദ് ദേശത്തിന്റെ ഉള്ളിലുള്ള, യോർദ്ദാൻ നദിയുടെ[33] കിഴക്കുഭാഗത്തുള്ള, ലോ–ദേബാർ എന്ന ടൗണിൽ താമസിച്ചിരുന്നു അത് ദാവീദിന്റെ പ്രാകാരത്തിൽ നിന്നു വളരെ അകലെയായിരുന്നു. ആ ഒറ്റപ്പെട്ട ഗ്രാമത്തിൽ, അവൻ ആരും അറിയാതെ വളർന്നു, വിവാഹം കഴിക്കുകയും, ഒരു കുഞ്ഞ് ജനിക്കുകയും ചെയ്തു.[34] തന്നെക്കുറിച്ചെല്ലാവരും മറന്നുകാണുമെന്നവൻ വിചാരിച്ചു. ഇപ്പോൾ അവന് തന്റെ പ്രസിദ്ധി നഷ്ടമാകുവാൻ പോകുന്നു.

> "അവൻ എവിടെയെന്ന്?" രാജാവ് [സീബയോട്] ചോദിച്ചതിനു, സീബാ രാജാവിനോടു പറഞ്ഞു, "ലോദെബാരിൽ അമ്മീയേലിന്റെ[35] മകനായ, മാഖീരിന്റെ വീട്ടിലുണ്ട്." അപ്പോൾ ദാവീദ് രാജാവ് ആളയച്ചു ലോദെബാരിൽ അമ്മിയേലിന്റെ മകനായ മാഖീരിന്റെ വീട്ടിൽ നിന്ന്, അവനെ വരുത്തി (2 ശമുവേൽ 9:4, 5).

ആയുധധാരികളായ കാവൽക്കാർ ചുറ്റും നിന്നപ്പോൾ, മെഫീബോശെത്തിന്റെ ഹൃദയത്തിലെ ഉത്കണ്ഠയും ഭയവും ഊഹിക്കുവാൻ നമുക്ക് പ്രയാസമില്ല, ദാവീദിന്റെ വണ്ടി അവനെ ലോദെബാരിൽ നിന്ന് യെരുശലേമിലേക്ക് അൻപതോ അതിലധികമോ മൈലുകൾ വലിച്ചുകൊണ്ടുപോയി. "ദയ കാണിക്കേണ്ടതിന്" അവൻ ആഗ്രഹിച്ചു എന്നു ദാവീദ് പറഞ്ഞിരുന്നത് വാസ്തവമാണ്, എന്നാൽ അത് ശക്തരായ എതിരാളികളെ തന്റെ സിംഹാസനത്തിൽ ഒതുക്കുവാനുള്ള സൂത്രവും ആയേക്കാം (യേശു ജനിച്ചപ്പോൾ ഞാനും "അവനെ നമസ്കരിക്കേണ്ടതിന്" അവൻ എവിടെ ജനിച്ചു എന്നു എന്നോടു പറവീൻ, എന്ന് വിദ്വാന്മാരോട് ഹെരോദാ രാജാവ് പിന്നീട് ഉപയോഗിച്ച സൂത്രം [മത്തായി 22:8]); ഒരു പക്ഷെ മെഫീബോശെത്ത് തന്റെ അപ്പന് ദാവീദിനോടുണ്ടായിരുന്ന സൗഹൃദത്തെ കുറിച്ചും ദാവീദ് ചെയ്ത പ്രതിജ്ഞയെ കുറിച്ചും കേട്ടിരിക്കാം; അല്ലെങ്കിൽ ഇല്ലായിരിക്കാം. എങ്ങനെയായാലും, ഇരുപതു വർഷത്തിനു മുൻപ് എടുത്ത ഒരു പ്രതിജ്ഞയുടെ പേരിൽ തന്റെ ജീവൻ നഷ്ടപ്പെടുത്തുവാൻ അവൻ ആഗ്രഹിച്ചില്ല.

അവർ രാജധാനിയിൽ എത്തിയപ്പോൾ, മെഫീബോശെത്ത് മുടന്തി[36] ദാവീ

ദിന്റെ അടുക്കൽ ചെന്നു. ആ ഭയപ്പെട്ട മുടന്തനായ ബാലനിൽ ദാവീദ് ഒരു പക്ഷെ തന്റെ സ്നേഹിതനായിരുന്ന പ്രഭുവിന്റെയും യോദ്ധാവിന്റെയും സാദൃശ്യമെന്തെങ്കിലും കാണുമോ എന്നു നോക്കിക്കാണും. അവൻ മെഫീബോശെത്തിനെ വിളിച്ചു.[37] ആ ബാലൻ രാജാവിന്റെ മുൻപിൽ സാഷ്ടാംഗം വീണുകൊണ്ട്[38] ഉത്തരം പറഞ്ഞു, "ഇതാ നിന്റെ ദാസൻ!" (2 ശമുവേൽ 9:6).

ആ ബാലന്റെ ശബ്ദത്തിൽ ഉണ്ടായിരുന്ന ഭയം ദാവീദിനു മനസ്സിലായി. രാജാവ് അവനെ എടുത്തുയർത്തി, പിന്നെ ഉറപ്പിച്ച് അവനോട്: "ഭയപ്പെടേണ്ട, നിന്റെ അപ്പനായ യോനാഥാന്റെ നിമിത്തം ഞാൻ നിന്നോടു ദയ കാണിച്ചു, നിന്റെ അപ്പനായ ശൗലിന്റെ നിലമൊക്കെയും നിനക്കു മടക്കി തരും; നീയോ നിത്യം എന്റെ മേശയിങ്കൽ ഭക്ഷണം കഴിച്ചുകൊള്ളേണം" (2 ശമുവേൽ 9:7).

നിയമപരമായി, ദാവീദ് രാജാവായി തീർന്നപ്പോൾ, ശൗലിന്റെ എല്ലാ അവകാശങ്ങളും അവന്റേതായി മാറി. അവയെ ശൗലിന്റെ പിൻഗാമികൾക്ക് വീണ്ടും കൊടുക്കേണ്ട ബാധ്യത ദാവീദിനില്ലായിരുന്നു. അങ്ങനെ ചെയ്യുന്നത് മെഫീബോശെത്തിന്റെ അപ്പൻ ഇപ്പോഴും ദാവീദിന്റെ ഹൃദയത്തിലുണ്ട് എന്നതിന്റെ സ്നേഹ പ്രകടനവും, കൃപയുള്ള പ്രവൃത്തിയും ആയിരുന്നു. ഒരു രാത്രി കൊണ്ട്, ദരിദ്രനായിരുന്ന മെഫീബോശെത്ത് ഒരു ധനികനായി മാറി. എങ്ങനെയായാലും, ദാവീദിന്റെ മേശയിങ്കൽ നിന്നു ഭക്ഷിക്കുക എന്നത്, ഏറ്റവും വലിയ ആദരവു തന്നെയായിരുന്നു. അത് രാജാവിന്റെ മക്കളുടെ അവകാശമായിരുന്നു. മെഫീബോശെത്ത് രാജധാനിയിലേക്ക് മടങ്ങിവരുവാനും, ഒരു പ്രഭുവിനെ പോലെ സ്വീകരിച്ചു, മുഖ്യമായതും ബഹുമാനമുള്ളതുമായ ഒരു സ്ഥാനം സ്ഥാപിച്ചുകൊടുക്കുവാൻ പോകുന്നു.

മെഫീബോശെത്ത് സന്തോഷഭരിതനായി. അവൻ വീണ്ടും രാജാവിന്റെ മുൻപിൽ സാഷ്ടാംഗം വീണു, പറഞ്ഞു, "ചത്ത നായെ[39] പോലെ ഇരിക്കുന്ന അടിയനെ, നീ കടാക്ഷിപ്പാൻ അടിയൻ എന്തുള്ളൂ?" (2 ശമുവേൽ 9:8). മെഫീബോശെത്തിന് ലഭിച്ചതൊക്കെയും സത്യമാണെന്നു ബോധ്യമാക്കുവാനും ഉറപ്പിക്കുവാനും, ദാവീദ് സീബയെ വിളിക്കുകയും അവനെ മെഫീബോശെത്തിന്റെ എല്ലാറ്റിന്റേയും കാര്യവിചാരകൻ ആക്കുകയും ചെയ്തു.[40]

ഉടനെ മെഫീബോശെത്തും അവന്റെ കുടുംബവും തലസ്ഥാന നഗരത്തിലേക്ക് വീടുമാറ്റി. "ഇങ്ങനെ മെഫീബോശെത്ത് യെരുശലേമിൽ തന്നെ വസിച്ചു, രാജാവിന്റെ മേശയിങ്കൽ ഭക്ഷണം കഴിച്ചുപോന്നു" (2 ശമുവേൽ 9:13). അത് മെഫീബോശെത്തിന്റെ ജീവിതത്തെ അനുഗ്രഹിച്ച കരുണാപ്രവൃത്തിയായിരുന്നു. അത് ദാവീദിനെ കൂടുതൽ അനുഗ്രഹിച്ചു എന്നതിൽ സംശയമില്ല. ഭക്ഷണസമയത്ത്, മെഫീബോശെത്തിന്റെ മേശയിലേക്കു നോക്കി, താനും യോനാഥാനും വയലിൽ കഴിച്ച സന്തോഷകരമായ ദിനങ്ങൾ ഓർത്തു പുഞ്ചിരിക്കുന്ന രാജാവിനെ എനിക്കു കാണാം.[41] നാം ദയ കാണിക്കുന്നവർക്കു ലഭിക്കുന്ന അനുഗ്രഹത്തേക്കാൾ ദയ കാണിക്കുന്ന നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങളാണ് കൂടുതൽ.

**വിജയിച്ച ഒരു ജയം (2 ശമു. 10-12; 1 ദിനവൃ. 19; 20)**

2 ശമുവേൽ 1–10 വരെയുള്ള, ദാവീദിന്റെ "നല്ല ദിവസങ്ങൾ" എന്നതിനെ കുറിച്ചുള്ള ഭാഗം, മുന്നദ്ധ്യായത്തിന്റെ ഒരു കുറിപ്പുമായിട്ടാണ് അവസാനിക്കുന്നത്. അദ്ധ്യായം 8–ൽ, "അമ്മോന്റെ മക്കൾ" ദാവീദിന് കപ്പം കൊടുത്തിരുന്നു എന്നു പറഞ്ഞിരുന്നു (വാ. 12), എന്നാൽ ആ അദ്ധ്യായത്തിൽ അമ്മോ

ന്യരുടെ പരാജയത്തിന്റെ ഒരു രേഖയും നാം കാണുന്നില്ല. അദ്ധ്യായം 10 മുതൽ 12 വരെ അമ്മോന്യരുമായുള്ള യുദ്ധത്തിന്റെ അവസാന വിശദാംശങ്ങൾ നമുക്കു നൽകുന്നുണ്ട്. കൂടാതെ, അദ്ധ്യായം 8–ൽ നാം വായിക്കുന്നു "അരാമ്യരും [സിറിയൻസ്] ദാവീദിന്ന് ഭൃത്യന്മാരായിത്തീർന്ന്, കപ്പം കൊടുത്തുവന്നു" (വാ. 6). സിറിയക്കാരുമായിട്ടുള്ള *ചില* യുദ്ധങ്ങളെ കുറിച്ച് അദ്ധ്യായം 8 പറയുന്നു, എന്നാൽ അദ്ധ്യായം 10 നൽകുന്നത് സംഭവത്തിന്റെ "ശേഷം കാര്യങ്ങൾ" ആണ് – സിറിയക്കാർ അവസാനം എങ്ങനെ കീഴ്പ്പെട്ടു എന്നും എപ്പോഴാണെന്നും ഉള്ള വിശദാംശങ്ങളാണ്.

ദയ എന്ന വിഷയമാണ് 9–ഉം 10–ഉം അദ്ധ്യായങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നത്. രണ്ടിലും, ദാവീദ് അവരുടെ അപ്പന്മാർ നിമിത്തം മക്കളോട് ദയവു കാണിക്കുവാൻ ശ്രമിക്കുന്നു. എന്നാൽ അദ്ധ്യായം 9–ൽ ദയാവരം നന്ദിയോടുകൂടി സ്വീകരിക്കുന്നു, അദ്ധ്യായം 10–ൽ അത് പരുഷമായി നിഷേധിക്കുന്നു.

അദ്ധ്യായം 10 തുടങ്ങുന്നു,

> അതിന്റെ ശേഷം[42] അമ്മോന്യരുടെ രാജാവ് മരിച്ചു, അവന്റെ മകനായ ഹാനൂൻ അവനു പകരം രാജാവായി. അപ്പോൾ ദാവീദ്, "ഹാനൂന്റെ അപ്പനായ നാഹാശ് എനിക്കു ദയ ചെയ്തതുപോലെ, അവന്റെ മകന്നു ഞാനും ദയ ചെയ്യും എന്നു പറഞ്ഞു" (വാ. 1, 2).

അമ്മോന്യരാജാവു ദാവീദിനു എന്തു ദയയാണ് കാണിച്ചതു എന്നു നമുക്ക് അറിയില്ല. ദാവീദ് അഭയാർത്ഥിയായിരുന്നപ്പോൾ[43] ഒരുപക്ഷെ അവൻ ദയ കാണിച്ചിരിക്കാം. എങ്ങനെയായാലും, ദാവീദ് ദയക്കു പകരം ദയ കാണിക്കുവാൻ ആഗ്രഹിച്ചു.

ഹാനൂനോടുള്ള തന്റെ സഹതാപം പ്രകടിപ്പിക്കുവാൻ, അമ്മോന്റെ തലസ്ഥാനമായ രാബയിലേക്ക്,[44] ദാവീദ് ഭൃത്യന്മാരെ അയച്ചു. ഭൃത്യന്മാർ രാബയിലെത്തിയപ്പോൾ, എങ്ങനെയായാലും, ദാവീദിന്റെ ആളുകൾ വന്നിരിക്കുന്നത് കരുണാദൗത്യവുമായിട്ടല്ല, മറിച്ചു ചാരന്മാരായിട്ടാണെന്നു രാജാവിന്റെ മക്കൾ അവനെ ധരിപ്പിച്ചു. ഇരട്ടി പരിഹാസമുള്ളതായിരുന്നു അമ്മോന്യരാജാവിന്റെ പ്രതികരണം. "അപ്പോൾ ഹാനൂൻ ദാവീദിന്റെ ഭൃത്യന്മാരെ പിടിച്ചു അവരുടെ താടിയെ പാതി ചിരപ്പിച്ചു, അവരുടെ അങ്കികളെ നടുവിൽ ആസനം വരെ മുറിപ്പിച്ചു, അവരെ അയച്ചു" (2 ശമുവേൽ 10:4). ചില പുരുഷന്മാർ താടി മുഴുവൻ ക്ഷൗരം ചെയ്താണ് പോയതെങ്കിലും, പൊതുവിൽ താടി പുരുഷ ലക്ഷണമായിട്ടാണ് കണക്കാക്കിയിരുന്നത്. പാതി താടി ക്ഷൗരം ചെയ്തതിൽ നിന്നു, രാജാവു അവർ പുരുഷന്മാരേക്കാൾ താഴ്ന്നവരാണെന്നു കാണിക്കയായിരുന്നു. അവരുടെ അങ്കി നടുവിൽനിന്നു ആസനം വരെ കീറിയതായിരുന്നു രണ്ടാമത്തെ പരിഹാസം, അതു അവരെ പകുതി നഗ്നരാക്കുകയായിരുന്നു. അങ്ങനെയായിരുന്നു യുദ്ധത്തടവുകാരോടു പെരുമാറിയിരുന്നത് (നോക്കുക യെശയ്യാവു 20:4).

തരംതാഴ്ത്തപ്പെട്ട് ലജ്ജിതരായി, ദാവീദിന്റെ ഭൃത്യന്മാർ മടങ്ങിപ്പോയി. ദാവീദ് കോപാകുലനായി, എന്നാൽ അമ്മോന്യർ യുദ്ധത്തിനു ഒരുങ്ങുന്നു എന്നു കേൾക്കുന്നതുവരെ അവൻ സ്വയം അടങ്ങിയിരുന്നു – അവർ വേറെ മുപ്പത്തി-മൂവായിരം ആളുകളെ അവരോടൊപ്പം[45] യുദ്ധം ചെയ്യുവാൻ കൂലി

ക്കെടുത്തിരുന്നു (അവരിൽ മൂന്നിൽ-രണ്ടു ഭാഗവും സിറിയക്കാരായിരുന്നു[46]). ദാവീദ് ഉടനെ തന്നെ യോവാബിനെയും അവന്റെ ഏറ്റവും നല്ല ഭടന്മാരെയും യുദ്ധക്കളത്തിലേക്ക് അയച്ചു.

യോവാബ് രാബയിൽ എത്തിയപ്പോൾ, രണ്ടു വശത്തുനിന്നും യുദ്ധം ചെയ്യേണ്ടിവരുമെന്നു അവനു മനസിലായി: അമ്മോന്യർ തലസ്ഥാനപട്ടണത്തെ പ്രതിരോധിക്കയായിരുന്നു; മറ്റു സംഘങ്ങൾ വയലിൽനിന്നു ആക്രമിക്കുവാൻ തയ്യാറെടുത്തിരുന്നു. തോൽക്കുമെന്നു സ്വാഭാവികമായി തോന്നി. ഒരുപക്ഷെ അതു യോവാബിന്റെ ഏറ്റവും നല്ല സമയമായിരുന്നേക്കാം. യോവാബ് തന്റെ ഏറ്റവും നല്ല ഭടന്മാരെ തിരഞ്ഞെടുത്ത് കൂലിപ്പട്ടാളക്കാരെ നേരിടുവാൻ അയച്ചു. ശേഷം പേരെ തന്റെ സഹോദരനായ അബീശായിയുടെ കീഴിൽ, അമ്മോന്യർക്കെതിരെ യുദ്ധം ചെയ്യുവാൻ ഏൽപിച്ചു. പിന്നെ അവൻ തന്റെ ആളുകളെ വിളിച്ചുകൂട്ടി അവർക്കു കല്പനകൊടുത്തു:

> ... അരാമ്യർ എന്റെ നേരെ പ്രാബല്യം പ്രാപിച്ചാൽ, നീ എനിക്കു സഹായം ചെയ്യേണം, അമ്മോന്യർ നിന്റെ നേരെ പ്രാബല്യം പ്രാപിച്ചാൽ, ഞാൻ വന്നു നിനക്കു സഹായം ചെയ്യും. ധൈര്യമായിരിക്ക, നാം നമ്മുടെ ജനത്തിന്നും നമ്മുടെ ദൈവത്തിന്റെ പട്ടണങ്ങൾക്കും വേണ്ടി പുരുഷത്വം കാണിക്കുക; യഹോവയോ തനിക്കു ഇഷ്ടമായതു ചെയ്യുമാറാകട്ടെ (2 ശമുവേൽ 10:11, 12).

അതു ശക്തമായ പ്രസംഗമായിരുന്നു, അത് യോവാബിന്റെ മാത്രമല്ലാത്ത, എല്ലാ അദ്ധ്യക്ഷന്മാർക്കും പഠിക്കാവുന്ന ഒന്നുമായിരുന്നു. സഹകരണത്തിന്റെ ആവശ്യം, ധൈര്യത്തിന്റെ ആവശ്യം, മറ്റുള്ളവരെക്കുറിച്ചു കരുതേണ്ടതായ ആവശ്യം, ദൈവേഷ്ടത്തോടു യോജിക്കേണ്ട ആവശ്യം എന്നിവ ശക്തമായ ഉദ്ദേശങ്ങളാണ്. അവന്റെ പ്രസംഗ ത്തിന്റെ അവസാനം, യോവാബ് ഒരു നിമിഷം തലകുനിച്ചു നില്ക്കുന്നതു ഞാൻ കണ്ടു. പിന്നെ മലകൾക്കപ്പുറമെന്നവണ്ണം അവന്റെ ആളുകളുടെ ശബ്ദവും ഞാൻ കേട്ടു. അവസാനം, വലിയ ശത്രുക്കളോടു യുദ്ധം ചെയ്യുവാൻ അവർക്കു കല്പന ലഭിച്ചപ്പോൾ അവരുടെ കണ്ണുകളിൽ തീ പാറുന്നതായി ഞാൻ കണ്ടു – അതു യിസ്രായേലിന്റേയും, ദൈവത്തിന്റെയും മഹത്വത്തിനായിരുന്നു.

യഹോവ അന്നു യോവാബിനു വലിയോരു വിജയം നല്കി. സിറിയക്കാർ ചിതറിപ്പോയി; അമ്മോന്യർ പിൻവാങ്ങി രാബയിലേക്കും പോയി. ദൈവം തന്നിൽ ആശ്രയിക്കുന്നവരോടുകൂടെയുണ്ട്.

സിറിയക്കാർ പിൻതിരിഞ്ഞു തങ്ങളുടെ സ്വന്ത ദേശത്തേക്കു പോകുവാൻ തുടങ്ങിയപ്പോൾ; സിറിയൻ നേതാക്കൾക്കു[47] കോപമുണ്ടായി. സിറിയക്കാർ യിസ്രായേലിനെ ആക്രമിക്കുവാൻ അവരുടെ മുഴുവൻ സൈന്യത്തെയും കൂട്ടിച്ചേർത്തു, എഫ്രാത്ത് നദിക്കപ്പുറത്തുനിന്നു പോലും അവർ യോദ്ധാക്കളെ കൂലിക്കെടുത്തു.

വലിയ സൈന്യം വരുന്നു എന്നു ദാവീദ് കേട്ടപ്പോൾ, സൈന്യത്തിന്റെ ഉത്തരവാദിത്വം മറ്റൊരാളിൽ ഏല്പിക്കുന്നതിന്റെ അനന്തരഫലം വളരെ കഠിനമാണെന്ന് അവൻ മനസിലാക്കി. അതുകൊണ്ടു ദാവീദ് തന്നെ സിറിയൻ സൈന്യത്തെ തടയുവാൻ "എല്ലാ യിസ്രായേല്യരേയും കൂട്ടിവരുത്തി യോർദ്ദാൻ കടന്നു" (2 ശമുവേൽ 10:17). ഒരിക്കൽ കൂടെ ദൈവം യിസ്രായേ

ലിന്നു വലിയോരു വിജയം നല്കി. സിറിയൻ സൈന്യാധിപൻ അടക്കം, നാല്പത്തി-ഏഴായിരം സിറിയക്കാർ വീണുപോയി. സിറിയക്കാർ "തങ്ങൾ യിസ്രായേലിനോടു തോറ്റു എന്നു കണ്ടിട്ടു, അവരോടു സന്ധി ചെയ്തു അവരെ സേവിച്ചു" (2 ശമുവേൽ 10:19).[48]

രാബയിൽ അമ്മോന്യ സൈന്യം ഉണ്ടാക്കിയ പ്രതിബന്ധം, അപ്പോഴും പൂർത്തിയാകാതെ തന്നെ ഇരുന്നു. അടുത്ത വസന്തകാലത്തിൽ, യാത്ര സാധ്യമായ ഉടനെ, രാബയെ കീഴ്പ്പെടുത്തുവാൻ ദാവീദ് യോവാബിനെ അയക്കുകയും, താൻ യെരുശലേമിൽ തങ്ങുകയും ചെയ്തു (2 ശമുവേൽ 11:1). (ദാവീദ് ബേത്ത്ശേബയുമായി പാപം ചെയ്തപ്പോഴായിരുന്നു അത്. സംഭവത്തിന്റെ ആ വശം നമുക്ക് തൽക്കാലം വിട്ടുകളയാം. അമ്മോന്യരുമായുള്ള യുദ്ധത്തിന്റെ കഥ പെട്ടെന്ന് അവസാനിപ്പിച്ച, ദിനവൃത്താന്ത എഴുത്തുകാരന്റെ മാതൃകയെ നമുക്ക് പിന്തുടരാം [1 ദിനവൃത്താന്തം 20:1–3]).

യോവാബ് ആദ്യം നേരിട്ടു രാബയെ ആക്രമിക്കുവാൻ ശ്രമിച്ചു എന്നാൽ മതിൽ കടക്കുവാൻ കഴിഞ്ഞില്ല (2 ശമുവേൽ 11:1, 17–24). പിന്നെ അവൻ പട്ടണത്തിലെ വെള്ളത്തിന്റെ ഉറവിടത്തിനു[49] ചുറ്റുമുള്ള കോട്ടകൾ ആക്രമിച്ചു പിടിച്ചടക്കി. അവൻ അവരുടെ വെള്ളം മുടക്കിയതുകൊണ്ടു, അധികം കഴിയാതെ അവർ കീഴ്പ്പെടുമെന്നു യോവാബ് മനസിലാക്കി. അവൻ ദാവീദിനു ആളയച്ചു: "ആകയാൽ, ഞാൻ നഗരം പിടിച്ചിട്ടു കീർത്തി എനിക്കാകാതിരിക്കേണ്ടതിന്നു, നീ ശേഷം ജനത്തെ ഒരുമിച്ചുകൂട്ടി നഗരത്തിനു നേരെ പാളയം ഇറങ്ങി അതിനെ പിടിച്ചുകൊൾക" (2 ശമുവേൽ 12:28).[50]

ദാവീദ് രാബയിലേക്കു വന്നു അവസാന ഉത്തരവാദിത്വം ഏറ്റെടുത്തു. നഗരം വീണുപോയപ്പോൾ, അമ്മോന്റെ രാജകിരീടം അങ്ങനെ ദാവീദിന്മേൽ വന്നത് സൂചിപ്പിക്കുന്നത് അവൻ അവരുടെ പുതിയ ഭരണകർത്താവായി[51] തീർന്നു എന്നാണ്. അനന്തരം ദാവീദ് ...

> ... അവിടത്തെ ജനത്തെയും അവൻ പുറത്തുകൊണ്ടുവന്ന്, അവരെ ഈർച്ച വാളിന്നും മെതിവണ്ടിക്കും കോടാലിക്കും ആക്കി, അവരെ കൊണ്ട് ഇഷ്ടിക ചൂളയിലും വേല ചെയ്യിച്ചു. അമ്മോന്യരുടെ എല്ലാ പട്ടണങ്ങളോടും അവൻ അങ്ങനെ തന്നേ ചെയ്തു. പിന്നെ ദാവീദും സകല ജനവും യെരുശലേമിലേക്കു മടങ്ങിപ്പോന്നു (12:31; എൻഐവി).[52]

രേഖ പറയുന്നത്, ദാവീദിന്റെ ജീവിതത്തിലെ ചുറ്റുമുള്ള ദേശങ്ങളിന്മേലുള്ള അവസാനത്തെ വിജയമായിരുന്നു അത് എന്നാണ്.

വളരെ മുൻപ്, ദൈവം അബ്രഹാമിന് വാഗ്ദാനം ചെയ്തിരുന്നു: "അന്ന് യഹോവ അബ്രഹാമിനോടു ഒരു നിയമം ചെയ്തു, നിന്റെ സന്തതിക്കു ഞാൻ മിസ്രയിം നദി തുടങ്ങി, ഫ്രാത്ത് നദിയായ മഹാനദി വരെയുള്ള ഈ ദേശത്തെ തന്നിരിക്കുന്നു" (ഉൽപ്പത്തി 15:18). ദാവീദ് മുഖാന്തരം, ദൈവം അവസാനം ആ വാഗ്ദാനം നിറവേറ്റി. ദാവീദിന്റെ സാമ്രാജ്യം തെക്കു മിസ്രയിം നദി[53] മുതൽ വടക്കു ഫ്രാത്ത് നദി വരെയും, പടിഞ്ഞാറു മഹാ (മദ്ധ്യധരണ്യാഴി) കടൽ മുതൽ കിഴക്കുള്ള യോർദ്ദാന്റെ കരയിലുള്ള പ്രദേശം വരെയും വ്യാപിച്ചിരുന്നു (നോക്കുക 1 രാജാക്കന്മാർ 4:21–24). ഏതാണ്ട് ആറായിരം ചതുരശ്ര മൈലുകളെക്കാൾ കൂടുതൽ ദാവീദ് വാണിരുന്നു. ലോകത്തിലെ സമ്പത്തിൽ 90 ശതമാനവും അവന്റെ ആധിപത്യത്തിൻ കീഴിലായിരുന്നു.

ദൈവം ബേത്ത്ലേഹെമിലെ ആട്ടിടയനായിരുന്ന ബാലനെ തന്റെ വിസ്തൃതമായ സ്വപ്നങ്ങൾക്കപ്പുറമായി വിജയിപ്പിച്ചു.

## പ്രധാനമായത് നഷ്ടപ്പെടാതെ എങ്ങനെ വിജയം കൈവരിക്കാം

ദാവീദിന്റെ ഉയർച്ചയെ കുറിച്ചുള്ള സംഭവത്തിൽ എന്തെല്ലാം പാഠങ്ങളാണ് പഠിക്കുവാനുള്ളത്? പ്രത്യേകിച്ച്, യഥാർത്ഥത്തിൽ നമുക്ക് - നമ്മുടെ ആത്മാക്കൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ടവ നഷ്ടപ്പെടുത്താതെ എങ്ങനെ വിജയിക്കാൻ സാധിക്കും? ദാവീദിന്റെ വിജയത്തെ കുറിച്ചു ഞാൻ ചിന്തിച്ചപ്പോൾ, എനിക്ക് അഞ്ചു നിർദ്ദേശങ്ങൾ ലഭിച്ചു:

**(1) നിങ്ങളുടെ ഉദ്ദേശം മറക്കരുത്.**

വിജയം പലപ്പോഴും കുപ്രസിദ്ധിയും പ്രചാരവും കൊണ്ടുവന്നേക്കാം, എന്നാൽ അത് പിന്നെ ശ്രദ്ധയെ തിരിച്ചുവിടുകയും, ക്രമേണ പരാജയത്തിലേക്കു നയിക്കുകയും ചെയ്യും. ഉദാഹരണങ്ങൾ ധാരാളമെടുക്കാം: വിജയത്തിന്റെ സമ്മർദ്ദവുമായി പിടിച്ചു നിൽക്കാൻ സാധിക്കാതെ മദ്യത്തിലേക്കും മയക്കുമരുന്നിലേക്കും തിരിഞ്ഞ് തങ്ങളുടെ ഭാവി നശിപ്പിക്കുന്ന റ്റി.വി. യിലെയും സിനിമയിലെയും താരങ്ങൾ; ദേശീയ ചാമ്പ്യൻഷിപ്പ് ലഭിക്കുകയും, അടുത്ത വർഷം ശ്രദ്ധതിരിഞ്ഞുപോയതുകൊണ്ട് ഭയങ്കര പരാജയം നേരിടുകയും ചെയ്ത സ്പോർട്സ് റ്റീം; തങ്ങൾക്കു ലഭിച്ച അധികാരം ദുർവിനിയോഗപ്പെടുത്തിയ രാഷ്ട്രീയക്കാർ.

പിന്നീട് ഈ പുസ്തകത്തിൽ, ദാവീദിന്റെ ശ്രദ്ധ തന്റെ ഉദ്ദേശത്തിൽ നിന്ന് തിരിഞ്ഞുപോയതായും - അതിന്റെ ഫലമായുണ്ടായ വിപത്തും നാം കാണുന്നു - എന്നാൽ നമ്മുടെ പഠനത്തിൽ ഇതുവരെ, ദൈവം അവനു കൊടുത്ത വെല്ലുവിളികളിൽ ദാവീദ് ശ്രദ്ധിച്ചിരുന്നതായിട്ടാണ് നാം കണ്ടത്: അത് സിംഹാസനത്തിൽ ദൈവത്തെ പ്രതിനിധീകരിക്കുവാനും, സാമ്രാജ്യം സ്ഥാപിക്കുവാനും, മശിഹ വരുവാനിരിക്കുന്ന ദേശത്തെ സംരക്ഷിക്കുവാനുമാണ്. ദാവീദ് ശ്രദ്ധിച്ചിരുന്നതുകൊണ്ട്, അവൻ ആ വെല്ലുവിളികളെ അത്ഭുതകരമായി നിറവേറ്റി.

ലക്ഷ്യം-നേടുന്നതിനെ കുറിച്ച് നാം ധാരാളം കേൾക്കുന്നുണ്ട്. ലക്ഷ്യങ്ങൾക്ക് ഫലമില്ലാത്തിടത്തോളം ലക്ഷ്യം-വയ്ക്കുന്നതിൽ അർത്ഥമില്ല. നാം നമ്മുടെ മുൻഗണനകൾ നേരെയാക്കണം: ആദ്യം ദൈവം, രണ്ടാമത് മറ്റുള്ളവർ (ലിസ്റ്റിന്റെ ആദ്യം കുടുംബവും), നാം അവസാനവും വരണം (മത്തായി 22:37, 38; 6:33). നാം ഒരിക്കൽ ലക്ഷ്യം വെച്ചുകഴിഞ്ഞാൽ, എങ്ങനെയായാലും, എളുപ്പത്തിൽ ശ്രദ്ധ തിരിഞ്ഞു പോയേക്കാം. ജീവിതത്തിന്റെ സാരം നാം മറന്നുപോയേക്കാം. വാസ്തവത്തിൽ പ്രാധാന്യമുള്ളവ മറക്കാതിരിപ്പാൻ നാം *യത്നിക്കണം.*

പൗലൊസിന്റെ പ്രസിദ്ധമായ പ്രസ്താവന ഓർക്കുക: "ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിനു ആഞ്ഞുംകൊണ്ടു, ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്കു ഓടുന്നു" (ഫിലിപ്പിയർ 3:13, 14). "ഒന്നു ഞാൻ ചെയ്യുന്നു" എന്ന പദപ്രയോഗം ശ്രദ്ധിക്കുക. അത് "ഒരു ഡസൻ കാര്യങ്ങൾ ഞാൻ പരിശ്രമിക്കും," എന്നോ "ഒരു നൂറു കാര്യങ്ങൾ ഞാൻ ചെയ്യും," എന്നോ അല്ല എന്നാൽ "*ഒന്നു* ഞാൻ

ചെയ്യും" എന്നാണ്. പൗലൊസ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു – ക്രിസ്തുവിൽ ആയിരുന്നു അവൻ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്.

നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ എന്തുചെയ്യുവാനാണ് ദൈവം ആഗ്രഹിക്കുന്നത് എന്നു തീരുമാനിക്കേണ്ടതിന് ധാരാളം സമയം ചിന്തയ്ക്കും പ്രാർത്ഥനയ്ക്കും ചിലവിടുക. ആ ലക്ഷ്യങ്ങളും ഉദ്ദേശങ്ങളും മറക്കരുത്. ശ്രദ്ധിച്ചിരിക്കുക.

**(2) നിങ്ങളുടെ കടം മറക്കരുത്.**

നിങ്ങൾക്ക് ഒരു വിജയം ലഭിച്ചാൽ, അതു പ്രാപ്തമാക്കി തന്ന വ്യക്തിയോടുള്ള കടം മറക്കരുത്. പലപ്പോഴും, വിജയിക്കുന്നവർ തങ്ങളുടെ വിജയത്തിന് സഹായിച്ച "ചെറിയ ആളുകളെ" ഓർമ്മിക്കാതിരിക്കത്തക്ക വിധം "വളരെ വലുതായി" തീരുന്നു.

ദാവീദ് തന്റെ വിജയത്തിന് സഹായിച്ച മറ്റുള്ളവരുടെ പ്രവൃത്തികൾ തിരിച്ചറിഞ്ഞിരുന്നു. വീണ്ടും ഞാൻ ദാവീദിന്റെ 2 ശമുവേൽ 23–ലെ "ആദരവുള്ള രംഗവും," അവന്റെ "വീരന്മാരുടെ" പേരുകളും അവരുടെ ഓർമ്മിക്കത്തക്ക പ്രവൃത്തികളെയും ഓർമ്മിപ്പിക്കട്ടെ. എല്ലാറ്റിലും ഉപരിയായി, എങ്ങനെയായാലും, ദാവീദ് *യഹോവയ്ക്കു*തന്നെയാണ് തന്റെ വിജയങ്ങൾക്കുള്ള മതിപ്പ് നൽകുന്നത്. അവൻ സങ്കീർത്തനങ്ങൾ 60–ൽ പറഞ്ഞു: "*ദൈവ*ത്താൽ നാം വീര്യം പ്രവർത്തിക്കും, *അവൻ* തന്നെ നമ്മുടെ വൈരികളെ മെതിച്ചുകളയും" (വാ. 12; എംഫസിസ് മൈൻ). ദാവീദ് താൻ പിടിച്ചെടുത്ത മുതലുകൾ യഹോവക്ക് സമർപ്പിച്ചുകൊണ്ട് അവന്റെ അഭിനന്ദനം കാണിച്ചു.

തന്റെ ജീവിതത്തിനു ദൈവവും ആളുകളും നൽകിയ സംഭാവനകളെ തിരിച്ചറിഞ്ഞ മറ്റൊരാളായിരുന്നു പൗലൊസ്. ഉദാഹരണത്തിന്, റോമർ 16–ൽ ഫേബയെ കുറിച്ച്, അവൻ പറഞ്ഞു, "അവളും പലർക്കും ... വിശേഷാൽ എനിക്കും സഹായം ചെയ്തിരിക്കുന്നു" (വാ. 1, 2). ആ പുസ്തകത്തിൽ ആദ്യം പൗലൊസ് പറഞ്ഞതു ദൈവത്തിന്റെ ആത്മാവ് "നമ്മുടെ ബലഹീനതകൾക്ക് തുണ നിൽക്കുന്നു" (റോമർ 8:26). ദൈവഭക്തയായ ഒരു സഹോദരി പൗലൊസിനെ സഹായിച്ചു, ദൈവം പൗലൊസിനെ സഹായിച്ചു, ആ രണ്ടു സഹായത്തിന്റെയും ഉറവിടം നാം അറിയണമെന്നും പൗലൊസ് ആഗ്രഹിച്ചു.

ഏതെങ്കിലും വിജയം നമുക്ക് എപ്പോഴെങ്കിലും ലഭിച്ചാൽ, എത്ര ചെറുതായാലും, മറ്റുള്ളവർ ആ വിജയത്തിന് സംഭാവന ചെയ്തിട്ടുണ്ട്. ആ സംഭാവനയെ നാം മാനിക്കണം. നമുക്കൊരിക്കലും ഒരുപക്ഷെ, "എന്റെ മാതാപിതാക്കൾക്കും, എന്റെ അദ്ധ്യാപകർക്കും നന്ദി, മുതലായവ" പറയുവാൻ ഒരു സ്റ്റേജും അവസരവും കിട്ടിയെന്നുവരില്ല, എന്നാൽ അതിനുത്തരവാദികളായവരോട് അവർ ചെയ്തതിനു നന്ദി സൂചിപ്പിക്കാൻ നമുക്ക് *കഴിയും.* ചുരുങ്ങിയ വാക്കുകളിൽ മുഖാമുഖമായും, ഫോണിൽ കൂടെയും, അല്ലെങ്കിൽ ഒരു കുറിപ്പ് എഴുതി അയക്കുന്നതും വളരെ നല്ല പ്രോത്സാഹനമായി തീരും.

എല്ലാറ്റിലുമുപരിയായി, വിജയം സാദ്ധ്യമാകുന്നത് *ദൈവ*ത്താലാണെന്ന് നാം തിരിച്ചറിയണം. ആരെങ്കിലും ഒരു പ്രധാനപ്പെട്ട കായിക മത്സരത്തിൽ വിജയിക്കുമ്പോൾ, അതെങ്ങനെ സാധിച്ചുവെന്ന് തീർച്ചയായും അയാളോടു ചോദിക്കാറുണ്ട്. വിജയി അപ്പോൾ തനിക്കുണ്ടായിരുന്ന ലക്ഷ്യങ്ങളും താൻ കടന്നുപോയ കഠിന പരിശീലനങ്ങളും – തന്റെ വിജയ നിർണ്ണയത്തിന്റെ ഘടകങ്ങളായി പറയും. തീർച്ചയായും, സ്വയ–അച്ചടക്കം ഒരു ഘടകമായിരുന്നു,

എന്നാൽ അയാളെപ്പോലെ തന്നെ തീരുമാനമെടുത്തവരും കഠിന പ്രയത്നം നടത്തിയവരുമായി മറ്റു പലരുമുണ്ടായിരുന്നു, എന്നാൽ അവർ വിജയി*ച്ചില്ല*. എന്തുകൊണ്ടാണ് അയാൾ വിജയിച്ചത്? ആദ്യത്തേതും പരമപ്രധാനവുമായ വിജയകാരണം, *ദൈവം* അവന് പ്രത്യേക താലന്തുകളും കഴിവുകളും നൽകി. അയാൾക്കതു വളർത്തിയെടുക്കണമായിരുന്നു, എന്നാൽ മറ്റുള്ളവർക്ക് നൽകാതിരുന്ന കഴിവ് ദൈവം അയാൾക്ക് നൽകി.

നമുക്ക് ഏതെങ്കിലും വിധത്തിൽ വിജയം ഉണ്ടാകുമ്പോൾ - പരീക്ഷ പാസ്സാകുന്നത്, ഒരു റ്റീമിനെ വാർത്തെടുക്കുന്നത്, ഹൈസ് ക്കൂളിൽ നിന്നുള്ള വിജയം, ഒരു ജോലി ലഭിക്കുന്നത്, പങ്കാളിയെ കണ്ടെത്തുന്നത്, ഒരു വീട് വാങ്ങുന്നത്, ഒരു കുഞ്ഞ് ജനിക്കുന്നത്, ഒരു സ്ഥാനക്കയറ്റം ലഭിക്കുന്നത്, രോഗശമനം ലഭിക്കുന്നത്, അല്ലെങ്കിൽ ഒളിമ്പിക്സിൽ 100-മീറ്റർ ഓട്ടത്തിൽ ജയിക്കുന്നത് - അതു എന്തുതന്നെയായാലും കർത്താവാണ് അതു സാദ്ധ്യമാക്കിയത് എന്നു നാം തിരിച്ചറിയണം. "എല്ലാ തികഞ്ഞ വരവും നല്ല ദാനവും ഉയരത്തിൽ നിന്നാണ് ലഭിക്കുന്നത്" (യാക്കോബ് 1:17). ഒരു ദേശീയ സദസിനു മുൻപിൽ ആ നന്ദി നമുക്ക് പ്രകടിപ്പിക്കുവാൻ അവസരം കിട്ടിയെന്നുവരില്ല - ഒരു ഫുട്ബോൾ കളിക്കാരൻ കളിയുടെ അവസാനം രണ്ടാം സ്ഥാനം ലഭിക്കുമ്പോൾ തലകുനിച്ച് നന്ദിസൂചിപ്പിക്കുന്നതുപോലെ - എന്നാൽ നമുക്ക് ദൈവത്തോട് ശബ്ദമുയർത്തി നന്ദി പറയുവാനും കർത്താവ് നമ്മോടു കാണിച്ച നന്മയെ മറ്റുള്ളവരോട് പറയുവാനും കഴിയും. കൂടാതെ, ദാവീദിനെപോലെ, നമുക്കുള്ളതെല്ലാം നൽകിയതായ ദൈവത്തിന് അവയെല്ലാം സമർപ്പിക്കുവാൻ കഴിയും.

**(3) നിങ്ങളുടെ സമർപ്പണങ്ങൾ മറക്കരുത്.**

പലരും ഉന്നതിയിലെത്തുമ്പോൾ, അവർ നല്കിയ വാഗ്ദാനങ്ങളും സമർപ്പണങ്ങളും സൗകര്യപൂർവ്വം വിസ്മരിക്കും. ഒരാൾക്ക് താൻ ദുഃഖിതനായിരുന്നപ്പോൾ വിവാഹം കഴിച്ചതായ സ്ത്രീ ഒരു നാണക്കേടായി കണ്ട് - അവളെ നിഷ്കരുണം തള്ളികളയേണ്ടതായി തോന്നുന്നു. തന്റെ ആദ്യത്തെ ബിസിനസ് പങ്കാളിയുമായി ഉണ്ടാക്കിയതായ കരാർ നിറവേറ്റുവാൻ ധാരാളം പണം വേണ്ടിവരും എന്നു ബോധ്യമാകുകയാണെങ്കിൽ - "ഞങ്ങൾ ഒരിക്കലും ഒന്നിലും ഒപ്പിട്ടിട്ടില്ലല്ലോ" എന്ന ന്യായീകരണത്തോടെ, അതിനെ അവഗണിക്കുന്നു.

ദാവീദിന് അങ്ങനെ ചെയ്യുവാനുള്ള അവസരം കിട്ടിയപ്പോൾ, ഇരുപതോ അതിലധികമോ വർഷങ്ങൾക്കുമുൻപ് എടുത്ത ഒരു പ്രതിജ്ഞ അവൻ നിറവേറ്റി. ശൗൽ ദാവീദിനോടു പെരുമാറിയത് എങ്ങനെയെന്ന് പരിഗണിക്കുകയാണെങ്കിൽ, ദാവീദ് സൗകര്യപൂർവ്വം ആ വാഗ്ദാനം മറന്നാലും ആരും അവനെ കുറ്റപ്പെടുത്തുമായിരുന്നില്ല. എന്നിരുന്നാലും, ദാവീദ് അതിനെ കർത്താവിന്റെ സന്നിധിയിൽ[54] ചെയ്ത, ലംഘിക്കുവാൻ പാടില്ലാത്ത, ഒരു വിശുദ്ധ പ്രതിജ്ഞയായി കണക്കാക്കി. അങ്ങനെയാണ്, അവൻ യോനാഥാന്റെ മകനെ തിരഞ്ഞുപിടിച്ചു ആദരിച്ചത്.

നാം എല്ലാവരും ചില സമർപ്പണം നടത്തിയിട്ടുള്ളവരാണ്. നമ്മിൽ പലരും ക്രിസ്ത്യാനികളും കർത്താവിലുള്ള നമ്മുടെ വിശ്വാസം ഏറ്റുപറയുകയും സ്നാനമേല്ക്കുകയും ചെയ്തപ്പോൾ നമ്മുടെ ജീവിതം കർത്താവിന് സമർപ്പിക്കപ്പെട്ടവരുമാണ്. നമ്മിൽ പലരും ഒരു ഭാര്യയെ അല്ലെങ്കിൽ ഒരു ഭർത്താവി

നെ “സ്നേഹിക്കുവാനും, ബഹുമാനിക്കുവാനും, സന്തോഷിപ്പിക്കുവാനും” ജീവിതം സമർപ്പിക്കപ്പെട്ടവരാണ് (നോക്കുക മത്തായി 19:3–9). ഒരുപക്ഷെ നാം വേറെയും സമർപ്പണങ്ങൾ നടത്തിയിരിക്കാം. സംഖ്യാപുസ്തകം 30:2 പരിഗ ണിക്കുക: “ആരെങ്കിലും യഹോവെക്കു ഒരു നേർച്ച നേരുകയോ, ഒരു പരി വർജ്ജനവ്രതം ദീക്ഷിപ്പാൻ ശപഥം ചെയ്കയോ ചെയ്താൽ, അവൻ വാക്കിന്നു ഭംഗം വരുത്താതെ; തന്റെ വായിൽ നിന്നു പുറപ്പെട്ടതുപോലെ ഒക്കെയും നിവർത്തിക്കേണം.” നമ്മുടെ സമർപ്പണങ്ങൾ നിറവേറ്റിയില്ലെങ്കിൽ നമുക്ക് ആത്മാർത്ഥത നിലനിർത്തുവാൻ സാദ്ധ്യമല്ല.

**(4) വിജയം നിലനില്ക്കുന്നതല്ല എന്നത് മറക്കരുത്.**

ഒരു ദിവസം നിങ്ങൾ “ആരെങ്കിലും” ആയേക്കാം മറ്റൊരുനാൾ “ആരുമ ല്ലാ”തെയുമായേക്കാം. നിങ്ങൾ ഒരു ദിവസം ലക്ഷാധിപതി ആയേക്കാം മറ്റൊ രുനാൾ ഒന്നുമില്ലാത്തവനുമായേക്കാം. നിങ്ങൾക്ക് ഒരിക്കൽ കമ്പനിയുടെ ഉയർന്ന സ്ഥാനത്തെത്തുവാനും പിന്നീടൊരിക്കൽ അതിന്റെ കാവൽക്കാര നാകുവാനും ഇടയായേക്കാം. നിങ്ങൾക്ക് ഒരിക്കൽ ആരോഗ്യവാനാകുവാനും അടുത്ത നാൾ തീവ്ര പരിചരണ വിഭാഗത്തിലെത്തുവാനും കഴിഞ്ഞേക്കാം. നിങ്ങൾക്ക് ഒരിക്കൽ അഭിമാനിക്കാവുന്ന രക്ഷകർത്താവാകുവാനും പിന്നീട് ഹൃദയവേദനയുള്ള അപ്പനോ അമ്മയോ ആകുവാനും കഴിയും.

ഏറ്റവും നന്നായി പ്രവർത്തിക്കുന്നവർക്കു പോലും എക്കാലവും ഉന്നതി യിൽ തന്നെ ആയിരിക്കുവാൻ സാധ്യമല്ല. മുന്നിലെത്തുവാനുള്ള ഉത്സാഹം വളരുകയും പിന്നെ ഇല്ലാതെയുമാകുന്നു. ഒരു കമ്പനിയിലെ പ്രധാനപ്പെട്ട എക്സിക്യൂട്ടിവ് ഓഫീസറിന് ഒരിക്കൽ വിരുന്നും ഗിഫ്റ്റും കൊടുക്കുകയും, പിന്നെ ജോലിയിൽ നിന്നു പിരിച്ചുവിടുകയും ചെയ്യുന്നു. ഇന്ന് പ്രസിദ്ധിയുള്ള നായകന്മാർക്കു പകരം നാളെ പുതിയ നായകന്മാർ ഏവരെയും ആകർഷി ച്ചേക്കാം.

ദാവീദിന് നിരന്തരമായി മല്ലിടേണ്ട ഒന്നായിരുന്നു വിജയം, അല്ലാതെ ഒരു ട്രോഫി പോലെ അലമാരയിൽ സൂക്ഷിച്ച് തന്റെ ശേഷിച്ച കാലമൊക്കെയും കണ്ട് ആസ്വദിക്കുന്ന ഒന്നായിരുന്നില്ല. താൻ കീഴ്പ്പെടുത്തിയ ആളുകൾ എഴു ന്നേറ്റ് അവന്റെ ജീവിതത്തിൽ വീണ്ടും കുഴപ്പങ്ങൾ ഉണ്ടാക്കി. ക്രമപ്പെടുത്തി യവ യോജിക്കാതെ വന്നതിനാൽ അതു വീണ്ടും ചെയ്യേണ്ടതായി തീർന്നു. ഈ പുസ്തകത്തിന്റെ അവസാനം നാം കാണുന്നതുപോലെ, ഒരു മണിക്കൂ റിലെ അവിവേകം – ഏതാനും നിമിഷങ്ങളിലെ കടിഞ്ഞാണിടാത്ത മോഹം – ദാവീദിനെ ഉന്നതിയുടെ കൊടുമുടിയിൽ നിന്ന് താഴെവീഴുവാനും അവന്റെ ജീവിതം ഹൃദയ വേദന നിറഞ്ഞതാകുവാനും ഇടയാക്കി. വിജയം, ജീവിതം പോലെ തന്നെ, “അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്ന തുമായ ഒരു ആവി” അല്ലൊ (യാക്കൊബ് 4:14).

നിങ്ങളുടെ ജീവിതത്തിൽ നല്ല ഒരു വിജയം നൽകുവാൻ നിങ്ങൾ പ്രാപ്ത നാണെന്നു കർത്താവു കാണുമ്പോൾ, അത് ലഭിക്കുമ്പോൾ ആസ്വദിക്കുക, എന്നാൽ ആ വിജയം ഇല്ലാതെയാകുമ്പോൾ, അതിനോടൊപ്പം നാം നമ്മെയും നഷ്ടപ്പെടുവാൻ പരീക്ഷിക്കപ്പെടാത്ത കാഴ്ച്ചപ്പാടിൽ കാര്യങ്ങൾ ചെയ്യുക. അവസാനം, ഓർമ്മിക്കുക, “നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസൻ” എന്നു, ദൈവം പറയുന്നത് കേൾക്കുന്നതാണ് വാസ്തവത്തിലുള്ള ഏക വിജയം (മത്തായി 25:21; കെജെവി).

**(5) നിങ്ങളെ വ്യണപ്പെടുത്താമെന്നത് മറക്കരുത്.**

ഒരു രാത്രികൊണ്ട് ദാവീദിന്റെ വിജയം മുഴുവൻ ഇല്ലാതായ സംഭവത്തെ വിശദീകരിക്കാതെ ഈ പാഠം അവസാനിപ്പിക്കുവാൻ എനിക്കു സാദ്ധ്യമല്ല. ഒരു പ്രാസംഗികൻ[55] ഒരിക്കൽ പറഞ്ഞത് മിക്ക വിജയികളായ ആളുകളും വീഴുന്നത് ഏതെങ്കിലും ഒരു "ദ' എസ്" കാരണമാണെന്നാണ്: "വെള്ളി," "മടി," "സെക്സ്," അല്ലെങ്കിൽ "ഞാൻ എന്ന ഭാവം." വെള്ളിയിൽ ദാവീദിന് വലിയ ആകർഷണം ഉണ്ടായിരുന്നില്ല, എന്നാൽ മറ്റു മൂന്നു എസു'കൾ അവന്റെ ജീവിതത്തെ ഏതാണ്ട് നശിപ്പിച്ചു. ദാവീദ് തീവ്രവികാരമുള്ള ഒരാളായിരുന്നു. അവൻ ദൈവത്തെ പുകഴ്ത്തുമ്പോഴും, കർത്താവിനായി യുദ്ധം ചെയ്യുമ്പോഴും, അല്ലെങ്കിൽ ഭാവിയെ സംബന്ധിച്ച് പദ്ധതി തയ്യാറാക്കുമ്പോഴും ഇത് പ്രകടമായിരുന്നു. എങ്ങനെയായാലും, അവന്റെ ശക്തി ഒരു സുന്ദരിയായ സ്ത്രീയെ കണ്ടപ്പോൾ, അവന്റെ ബലഹീനതയായി മാറി. ഏകാന്തതയും, ലൈംഗിക പരീക്ഷണവും, സ്വാർത്ഥതയും ഒരു വൈകുന്നേരം അവനെ ആകർഷിച്ചപ്പോൾ, രാജ്യത്തിൽ ഉടനീളം ദാവീദിന്റെ വേഴ്ച്ച പ്രതിധ്വനിക്കപ്പെടുകയും അവൻ വീഴുകയും ചെയ്തു.

തന്റെ സുരക്ഷിതത്വമില്ലായ്മയെ കുറിച്ചു ദാവീദ് വേണ്ടരീതിയിൽ മനസ്സിലാക്കിയില്ല, അഥവാ അതു മനസ്സിലാക്കിയാലും, സ്വയ രക്ഷക്കു വേണ്ട മുൻകരുതലുകൾ അവൻ എടുത്തില്ല. യാക്കൊബ് മുന്നറിയിക്കുന്നു, "ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് *സ്വന്തമോഹത്താൽ* ആകർഷിച്ചുവശീകരിക്കപ്പെടുകയാൽ ആകുന്നു" (യാക്കൊബ് 1:14; എംഫസിസ് മൈൻ). നാം ഓരോരുത്തരും സുരക്ഷിതത്വമില്ലാത്തവരാണ്. ഓരോരുത്തർക്കും അവനവന്റെ ബലഹീനതകളുമുണ്ട്. എന്റെ ബലഹീനതകളായിരിക്കുകയില്ല നിങ്ങളുടേത്, നിങ്ങളുടേതു എന്റേതും ആയിരിക്കുകയില്ല. ഓരോരുത്തരും അവനവന്റെ ബലഹീനതകൾ മനസ്സിലാക്കിയാൽ അവരുടെ പരീക്ഷണസാഹചര്യങ്ങൾ ഒഴിവാക്കാൻ സാധിക്കും. ഒരു കാര്യം തീർച്ചയാണ്: *പിശാച്* നിങ്ങളുടെ ബലഹീനത മനസ്സിലാക്കുകയും അവയെ നശിപ്പിക്കുവാനുള്ള എല്ലാ പരിശ്രമവും നടത്തും.

നിങ്ങൾ ഇതുവരെയും അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ, നിങ്ങൾ സുരക്ഷിതരല്ലാത്തത് എവിടെയാണെന്നു കണ്ടുപിടിക്കുവാൻ ആത്മാവിനെ -പരിശോധിക്കുക; പിന്നെ ആ അവസ്ഥയിലുള്ള പരീക്ഷണങ്ങളെ എങ്ങനെ ഒഴിവാക്കാമെന്ന് നിങ്ങൾ തീരുമാനിക്കുക.

**ഉപസംഹാരം**

ഗോൾഡ് മെഡൽ നേടിയവരെയോ, ഏറ്റവും ഉയർന്ന ശമ്പളം വാങ്ങുന്നവരെയോ, അല്ലെങ്കിൽ *റ്റൈം* മാസികയുടെ കവർ പേജിൽ ഫോട്ടോ വന്നവരെയോ സംബന്ധിക്കുന്ന കാര്യം മാത്രമല്ല നാം പറഞ്ഞത്. ഇന്നു നാം ഇവിടെയുള്ളതും, നമുക്ക് സുരക്ഷിതത്വം ഉള്ളതും, നാം ജീവിക്കുന്നതുമായ വസ്തുത പ്രഖ്യാപിക്കുന്നത് ദൈവമാണ് ഒരു പരിധിവരെ നമുക്ക് വിജയം നൽകിയതെന്നാണ്. ദാവീദിന്റെ വിജയത്തിൽ നിന്ന് നമുക്ക് പഠിക്കാം: ഒരു വശത്ത്, ദൈവത്തിനു മഹത്വം കൊടുക്കുവാനും, മറുവശത്ത്, വിജയം കൊണ്ടുവരാവുന്ന കുഴികളെ ഒഴിവാക്കുവാനും പഠിക്കാം.

ഈ ചോദ്യത്തോടുകൂടെ തന്റെ ശിഷ്യന്മാർക്ക് യേശു ഒരിക്കൽ വെല്ലുവിളി നൽകി: "ലോകം മുഴുവൻ നേടിയിട്ടും, ഒരാൾ തന്റെ ജീവനെ നഷ്ടപ്പെ

ടുത്തിയാൽ, അവനു എന്തു പ്രയോജനം?" (മത്തായി 16:26). യേശുവിന്റെ ആ ചോദ്യത്തെ ഒന്നു വിപുലമാക്കിയാൽ ആ വേദഭാഗത്തോട് നാം അനീതി കാട്ടുമെന്ന് എനിക്കു തോന്നുന്നില്ല: ഒരു മനുഷ്യൻ സർവ്വലോകവും നേടിയി ട്ടും, തന്റെ ദാമ്പത്യ ജീവിതം നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോ ജനം? ഒരു സ്ത്രീ ലോകം മുഴുവൻ നേടിയിട്ടും, തന്റെ സ്വന്തം മക്കളെ നഷ്ട പ്പെടുത്തിയാൽ അവൾക്ക് എന്തു പ്രയോജനം? ഒരു മനുഷ്യൻ സർവ്വലോ കവും നേടിയിട്ടും, തന്റെ സ്വഭാവത്തെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം? ഒരു സ്ത്രീ ലോകം മുഴുവൻ നേടിയിട്ടും, നന്മയ്ക്കുള്ള തന്റെ സ്വാധീനം നഷ്ടമാക്കിയാൽ അവൾക്കു എന്തു പ്രയോജനം? ഈ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം ഒന്നുതന്നെയാണ്: ഒരു പ്രയോജനവുമില്ല. നിങ്ങൾ ഏറ്റവും പ്രധാനമായവ നഷ്ടമാക്കിയാൽ, നിങ്ങൾ ലോകത്തിലെ ഏറ്റവും വലിയ വിജയം ആകാം, അതേ സമയം, ഏറ്റവും വലിയ പരാജ യവും ആകാം.

---

**പ്രസംഗ കുറിപ്പുകൾ**

മെഫീബോശെത്തിന്റെ സംഭവം സ്പർശിക്കുന്ന ഒന്നാണ്; അംഗവൈ കല്യത്തെ അതിജീവിക്കൽ എന്ന പാഠത്തെ ആസ്പദമാക്കി ഇതിനെ ഉപ യോഗിക്കാം - കൂടാതെ അംഗവൈകല്യമുള്ളവരോട് നമ്മുടെ മനോഭാവം എന്തായിരിക്കണം എന്നതും ചേർക്കാം.

*കൃപയാൽ* ഉള്ള രക്ഷ എന്നതിനെ ആസ്പദമാക്കി ഒരു പാഠം പഠിപ്പിക്കു വാനും ഈ സംഭവം ഉപയോഗിക്കാം. ദാവീദിന്റെ ആ ചെറുപ്പക്കാരനോടുള്ള ദയാമനോഭാവത്തെ (വ്യക്തിപരമായ എന്തെങ്കിലും കാരണം നിമിത്തമല്ല, എന്നാൽ യോനാഥാൻ ചെയ്തതു നിമിത്തമായിരുന്നു) ദൈവം നമ്മോടു ഇടപെടു ന്നതുമായി താരതമ്യപ്പെടുത്തുക (വ്യക്തിപരമായ എന്തെങ്കിലും കാരണം നിമി ത്തമല്ല, എന്നാൽ യേശു ചെയ്ത പ്രവൃത്തി കൊണ്ടത്രേ).

സൂക്ഷ്മ ബുദ്ധിയുള്ള വായനക്കാരൻ 2 ശമുവേൽ 10-ലെ യോവാബിന്റെ സംസാരവുമായി ബന്ധപ്പെട്ട എന്റെ നാല് "സി'കൾ" ശ്രദ്ധിക്കും ("സഹകര ണം," "ധൈര്യം," "വിചാരം," കൂടാതെ "സമ്മതം"). പ്രവർത്തിച്ചു വിജയി ക്കുവാൻ ഒരു ഇടവകയെ ഉത്തേജിപ്പിക്കേണ്ടതിനുതക്ക ശക്തമായ ഒരു പ്രസംഗത്തിന് ആ വിഷയത്തെ എടുക്കാം.

സങ്കീർത്തനങ്ങളിൽ പലതും നല്ല അനുബന്ധ പാഠങ്ങളും നൽകുന്നതാ ണ്. ദാവീദിന്റെ "വിജയ" സങ്കീർത്തനങ്ങൾ നോക്കുക. ചിലർ വിചാരിക്കു ന്നത് ദാവീദിന്റെ അടുക്കലേക്ക് ഹാമത്ത് രാജാവ് വന്ന സാഹചര്യത്തെ ആസ്പദമാക്കി എഴുതിയതാണ് സങ്കീർത്തനം 18 എന്നാണ് (പ്രത്യേകിച്ച് വാക്യങ്ങൾ 43 മുതൽ 45 വരെ നോക്കുക). സങ്കീർത്തനങ്ങൾ 60 ഈ പാഠവു മായി നേരിട്ടു ബന്ധപ്പെട്ടതാണ്.

---

കുറിപ്പുകൾ

[1]അദ്ധ്യായം 8-ലെ ആരംഭ വാക്കുകൾ ഒരുപക്ഷെ കാലക്രമ പ്രകാരം സൂചിപ്പിച്ച തായിരിക്കയില്ല, എന്നാൽ ഒരു പുതിയ വിഷയത്തിലേക്കുള്ള കടമ്പയായി കാണാ

വുന്നതാണ്. [2]കെജെവിയിൽ അക്ഷരിക എബ്രായ വാക്കാണ്: "ദാവീദ് ഫെലിസ്ത്യരുടെ കയ്യിൽ നിന്ന് മെതേഗ്-അമ്മ കൈവശപ്പെടുത്തി." "മെതേഗ്-അമ്മ" അക്ഷരികമായി അർത്ഥമാക്കുന്നത് "മാതൃപട്ടണത്തിന്റെ കടിഞ്ഞാൺ എന്നാണ്" (നോക്കുക എഎസ്വി). അങ്ങനെ, ദാവീദ് "മാതൃ [മുഖ്യ] പട്ടണത്തിന്റെ കടിഞ്ഞാൺ [നിയന്ത്രണം] ഏറ്റെടുത്തു." ലോകത്തിന്റെ ആ ഭാഗത്ത് ഇന്നും "ഏറ്റവും വലിയത്" അല്ലെങ്കിൽ "മുഖ്യമായത്" എന്ന അർത്ഥത്തിൽ "മാതൃ" എന്ന പദം ഉപയോഗിക്കുന്നുണ്ട്: "എല്ലാ യുദ്ധത്തിലും മുഖ്യമായത്." [3]ദിനവൃത്താന്ത എഴുത്തുകാരൻ നമ്മോടു പറയുന്നു "മാതൃപട്ടണം" *ഗാത്ത്* ആണ് എന്ന്: "ദാവീദ് ... ഗാത്തിനെയും അതിന്റെ ടൗണുകളെയും പിടിച്ചെടുത്തു" (1 ദിനവൃത്താന്തം 18:1). [4]ഈ എതിരിടൽ സംഭവിച്ചത് എപ്പോഴാണെന്ന് നമുക്ക് ഊഹിക്കുവാനേ കഴിയൂ. ചിലർ കരുതുന്നത് 2 ശമുവേൽ 21 -ലെ നാലു യുദ്ധങ്ങൾ നടന്നത് ദാവീദ് യെഹൂദയെ മാത്രം ഏഴ്-അര-വർഷം വാണിരുന്ന കാലത്തോ അവൻ അഭയാർത്ഥി ആയിരുന്നപ്പോഴോ ആണെന്നാണ് - അതായത്, 2 ശമുവേൽ 5-ലെ നിർണ്ണായക യുദ്ധങ്ങൾക്കും 2 ശമുവേൽ 8:1-ലെ തീർച്ചയുള്ള വാക്കുകൾക്കും മുൻപ്. വേറെ ചിലർ കരുതുന്നത് ദാവീദിന്റെ അവസാന കാലത്ത്, ഇടയ്ക്കിടയ്ക്ക് തുടർന്നും ഫെലിസ്ത്യർ യിസ്രായേലിന് കുഴപ്പങ്ങൾ ഉണ്ടാക്കിയപ്പോൾ ആണ് അതു സംഭവിച്ചത് എന്നാണ് - അതു എന്തുകൊണ്ട് ദാവീദ് "ക്ഷീണിതനായി തീർന്നു" എന്നതിനുള്ള വിശദീകരണം നൽകുന്നു (2 ശമുവേൽ 21:15). [5]ആ കുന്തം ഗൊല്യാത്തിനുള്ളതിന്റെ അത്ര വലുതായിരുന്നില്ല, പക്ഷെ അതിന്റെ തല ഒരു കൂടത്തിന്റേതിനേക്കാൾ വലുപ്പമുണ്ടായിരുന്നു! [6]അതു "ഒരു *പുതിയ* വാൾ" ആയിരുന്നു (2 ശമുവേൽ 21:16). [7]രണ്ടു ശമുവേൽ 21:19 പറയുന്നതു ആ മല്ലന്റെ പേര് ഗൊല്യാത്ത് എന്നായിരുന്നു; 2 ദിനവൃത്താന്തം 20:5 പറയുന്നതു അവന്റെ പേർ ലാമി എന്നായിരുന്നു, അതു ഗൊല്യാത്തിന്റെ ഒരു സഹോദരനാണ്. കെജെവി അനുമാനിക്കുന്നതു "ആരുടെ സഹോദരൻ" എന്നതു 2 ശമുവേലിന്റെ പുസ്തകത്തിൽ യാദൃശ്ചികമായി വിട്ടുപോയതും കൂട്ടിച്ചേർത്തിരിക്കുന്നതുമാണ് എന്നാണ്. അതിനു സാധ്യതയുണ്ട്. എങ്ങനെയായാലും, "ഗൊല്യാത്ത്" ഒരു കുടുംബപേരോ തലപ്പേരോ ആകാനും, ലഹ്മി ഗൊല്യാത്തു "തന്നെ" ആയിരുന്ന ഒരു സഹോദരനുള്ള "ഒരു" ഗൊല്യാത്തു ആകാനും സാധ്യതയുണ്ട്. ദാവീദ് അല്ലാതെ മറ്റൊരാൾ ഗൊല്യാത്ത് എന്നു പേരുള്ള ഒരു മല്ലനെ കൊന്നു എന്നും "എൽഹാനാൻ" എന്നത് ദാവീദിന്റെ മറ്റൊരു പേരായിരുന്നു എന്നും ചിലർ പറയുന്നു. ഇതു ശരിയായിരിക്കാനിടയില്ല കാരണം എൽഹാനാന്റെ അപ്പൻ യായീർ ആയിരുന്നു (1 ദിനവൃത്താന്തം 20:5) അവൻ ദാവീദിന്റെ വീരന്മാരിൽ ഒരാളായിരുന്നു എന്നു പറയുന്നുണ്ട് (2 ശമുവേൽ 23:24). ആ സംഭവം സ്പഷ്ടമായും ദാവീദ് ഗൊല്യാത്തിനെ കൊന്ന ശേഷം നടന്നതാണ്. [8]നിഷിദ്ധസംഗമത്താലുണ്ടായവരാണ് മോവാബ്യർ (ഒ.വാ. ഉല്പത്തി 19:37). [9]ഒരുപക്ഷെ, അമ്മോന്യരായിരുന്നു അതിൽ ഉൾപ്പെടാത്തവർ (2 ശമുവേൽ 12:31-നെ കുറിച്ചു അവസാനത്തെ കുറിപ്പുകൾ നോക്കുക). [10] അവർ പടയാളികളിൽ മൂന്നിൽ-രണ്ടു ഭാഗമാണോ, പുരുഷന്മാരാണോ, അതോ മൊത്തം ജനസംഖ്യയാണോ എന്നു വേദഭാഗത്തുനിന്നു വ്യക്തമല്ല.

[11]റോബെർട്ട് ജാമിയേസൺ, എ. ആർ. ഫാസെറ്റ്, കൂടാതെ ഡേവിഡ് ബ്രൗൺ, *കമെന്ററി ഓൺ ദ ഹോൾ ബൈബിൾ*, റെവ. ഈഡി. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്., സോണ്ടർവാൻ പബ്ളിഷിങ് കമ്പനി., 1961), 233. [12]2 ശമുവേൽ 8:12 നോക്കുക. അമ്മോന്യരുടെമേൽ ദാവീദിനുണ്ടായ വിജയങ്ങളുടെ വിശദീകരണങ്ങൾ രണ്ടു ശമുവേൽ 10-12 ൽ ഉണ്ട്. [13]അമ്മോന്യരും നിഷിദ്ധസംഗമത്തിൽനിന്നുണ്ടായവരാണ് (ഒ.വാ. ഉൽപത്തി 19:38). [14]ദിനവൃത്താന്തത്തിനെ സമാന്തരവേദഭാഗങ്ങൾ നാം വായിക്കുമ്പോൾ, പേരുകളിലും, സംഖ്യകളിലും മറ്റും, വ്യത്യാസം ഉണ്ടാകും. കണക്കു

കൂട്ടലിൽ വ്യത്യസ്തരീതിയാണോ ഉപയോഗിച്ചത്? ഒരേ ആളുകൾക്കും സ്ഥലങ്ങൾക്കും വ്യത്യസ്ത പേരാണോ നല്കിയിരിക്കുന്നത്? ഒരു ബുക്കിനോ അല്ലെങ്കിൽ മറ്റു ബുക്കുകൾക്കോ ഓരോ വർഷവും യാദൃശ്ചികമായി മാറ്റം വരുത്തിയതാണോ? ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരം നല്കുവാൻ നമുക്കു കഴിയുകയില്ല. നമ്മുടെ ആവശ്യത്തിനു, നമുക്ക് പൊതുവായി 2 ശമുവേലിൽ കൊടുത്തിരിക്കുന്ന സംഖ്യകളും പേരുകളും എടുക്കാം. [15]അവൻ കുതിരകളുടെ, പിന്തുടഞരമ്പുകളെ മുറിച്ചു കളഞ്ഞു, അവയെ "മുടന്തുള്ള" താക്കി യുദ്ധത്തിനു കൊള്ളരുതാത്തവയാക്കി. ഇന്നത്തെ മൃഗങ്ങളുടെ അവകാശം വെച്ചു നോക്കിയാൽ, അതു ക്രൂരതയാണ്, പക്ഷെ ഇതു കൊല്ലുന്നതിനേക്കാൾ ദയവുള്ളതാണ്. ദാവീദിനു അവയെക്കൊണ്ടു അല്പം ഉപയോഗമേ ഉണ്ടായിരുന്നുള്ളൂ (രാജാവു "കുതിരകളെ വർദ്ധിപ്പിക്കരുതെന്നു" ദൈവം പറഞ്ഞിരുന്നു [ആവർത്തനപുസ്തകം 17:16] കൂടാതെ, യിസ്രായേലിലെ കുന്നിൻ പ്രദേശങ്ങളിൽ രഥങ്ങൾ ഫലപ്രദവുമായിരുന്നില്ല), ശത്രുക്കൾ വീണ്ടും അവയെ യുദ്ധത്തിന് ഉപയോഗിക്കുവാനും അവൻ ആഗ്രഹിച്ചില്ല. ദാവീദ് നൂറു രഥങ്ങൾ സൂക്ഷിച്ചിരുന്നു; എന്തിനായിരുന്നു എന്നു നമുക്ക് അറിയില്ല (സങ്കീർത്തനങ്ങൾ 20:7-ലെ ദാവീദിന്റെ സ്വന്തം വാക്കുകൾ നോക്കുക). അവൻ അങ്ങനെ ചെയ്തുകൊണ്ടു ഒരുപക്ഷെ ആവർത്തനപുസ്തകം 17:16-ൽ പറഞ്ഞ മനോഭാവം ലംഘിക്കയാകാം. (ഒരുപക്ഷെ ഇവിടെവെച്ചാകാം അബ്ശലോമിനു അവന്റെ കുതിരകളെയും രഥങ്ങളെയും ലഭിച്ചത് [2 ശമുവേൽ 15:1]; രേഖ പറയുന്നതിൻപ്രകാരം, രാജകുടുംബത്തിൽ ആദ്യമായി രഥം ഉപയോഗിച്ചതു അബ്ശലോമായിരുന്നു.) [16]എൻഎഎസ്ബിയുടെ മുൻ എഡീഷനുകളിൽ "സിറിയൻസ്" എന്നാണുള്ളത്; പിന്നിടുള്ള എഡീഷനുകളിൽ "അരാമ്യർ" എന്നുമാണ്, അതു മൂല ഭാഷയിലേതിനോടു അടുത്തതാണ്. "അരാമ്യർ" എന്ന പേര് സാധാരണ സൂചിപ്പിച്ചിരുന്നത് സിറിയക്കാരെ ആണ്. സോബ രാജാവിന്റെ രാജ്യത്തിലുള്ളവരും അറിയപ്പെട്ടിരുന്നതു അരാമ്യർ അഥവാ, സിറിയക്കാർ എന്നാണ് (2 ശമുവേൽ 10:6 നോക്കുക). [17]ഹാമാത്ത് സ്ഥിതി ചെയ്തിരുന്നത് ദമസ്ക്കസിൽനിന്നു നൂറുമൈൽ വടക്കു മാറിയായിരുന്നു. [18]ഇതു സൂചിപ്പിക്കുന്നതു ഹാമാത്ത് ദാവീദിന്റെ ഭരണത്തിൻകീഴിലായിരിക്കാമെന്നു, അവനുമായി സഖ്യത ചെയ്തിരുന്നു എന്നാണ്. [19]മുൻപു ദാവീദ് അമ്മാലേക്യരെ തോല്പിച്ചിരുന്നു (1 ശമുവേൽ 30). [20]യോവാബിന്റെ വിജയത്തെ കുറിക്കുന്നതാണ് സങ്കീർത്തനങ്ങൾ 60-ലെ ആദ്യ കുറിപ്പുകൾ. അതിന്റെ ബഹുമതി ദിനവൃത്താന്ത എഴുത്തുകാരൻ യോവാബിന്റെ സഹോദരനായ അബീശായിക്കു നല്കിയിരിക്കുന്നു (1 ദിനവൃത്താന്തം 18:12). ഇതു ചിലരെ ചിന്തിപ്പിക്കുന്നു, എന്നാൽ *ദാവീദിന്റെ* സൈന്യം *യോവാബിന്റെ* കീഴിൽ യുദ്ധത്തിനു പോവുകയും, ആ പ്രത്യേക ആക്രമണം *അബീശായി* നടത്തുകയും സ്പഷ്ടമായി അതു വിജയിക്കുകയും ചെയ്തു.

[21]സിറിയൻ വെർഷനും, സെപ്റ്റ്വജിന്റും, ഏഴു എബ്രായ കയ്യെഴുത്തു പ്രതികളും 2 ശമുവേൽ 8:13-ൽ "എദോമ്യർ" എന്നാണുള്ളതെന്നു പറയുന്നു. [22]സങ്കീർത്തനത്തിനു മുൻപുള്ള കുറിപ്പു നോക്കുക. [23]ഇതു അടയാളപ്പെടുത്തുക. ആളുകളുടെ ഹൃദയം കവരുന്ന അബ്ശലോമിന്റെ ആക്രമണരീതിയായിരുന്നു അത് (ഈ പുസ്തകത്തിൽ പിന്നീടു വരുന്ന "*വാട്ടെവർ എ മാൻ സോസ്*" എന്നതിനെ കുറിച്ചുള്ള പാഠം നോക്കുക). [24]1 ദിനവൃത്താന്തം 16:39. പിന്നീട്, സാദോക്കിനായിരുന്നു നിയമപെട്ടകത്തിന്റെ ഉത്തരവാദിത്വം (2 ശമുവേൽ 15:24-29). 1 ദിനവൃത്താന്തം 6:3-8, 50-53 അനുസരിച്ച്, സാദോക്ക് അഹരോന്റെ നേരിട്ടുള്ള പിൻഗാമിയായിരുന്നു (കൂടാതെ 1 ദിനവൃത്താന്തം 24:3-ഉം നോക്കുക). [25]അഹീമെലേക്കും അഹരോന്റെ പിൻഗാമിയായിരുന്നു, എന്നാൽ വേറെ രീതിയിലായിരുന്നു. 2 ശമുവേൽ 8:17 വായിക്കേണ്ടത്

"അബ്യാഥാരിന്റെ മകനായ അഹീമെലേക്ക്" എന്നാണോ അതോ "അഹീമെലേക്കിന്റെ മകനായ അബ്യാഥാർ" എന്നാണോ എന്നതിൽ ചില തെറ്റിദ്ധാരണ ഉണ്ട്. ശൗൽ പുരോഹിതന്മാരെ കൊന്നശേഷമുള്ള വന്യമായ അവസ്ഥയിൽ ദാവീദിനോടു ചേർന്നവനായിരുന്നു, അഹീമെലേക്കിന്റെ മകനായിരുന്ന, അബ്യാഥാർ (1 ശമുവേൽ 22:20). ആ സമയം മുതൽ, സാദോക്കും *അബ്യാഥാരും* പുരോഹിതന്മാരുടെ പട്ടികയിൽ പെടുന്നു (2 ശമുവേൽ 17:15; 20:25). ദാവീദിന്റെ അടുക്കലേക്കു ഓടിവന്ന അബ്യാഥാരിന്നു അഹീമെലേക്ക് എന്ന ഒരു മകൻ ഉണ്ടായിരിക്കുവാനും, അവന് പിന്നീട് അബ്യാഥാർ എന്നു പേരുള്ള ഒരു മകൻ ഉണ്ടായിരിക്കുവാനും സാധ്യതയുണ്ട്, അവരെല്ലാവരും മഹാപുരോഹിതന്മാരായി ശുശ്രൂഷ ചെയ്തിരുന്നു. അബ്യാഥാർ അഹീമെലേക്കിന്റെ മറ്റൊരു പേരായി അറിയപ്പെട്ടിരിക്കുവാനും സാധ്യതയുണ്ട്. ഈ കാര്യത്തിന്റെ തീർപ്പിനായി നമുക്കു വേണ്ടത്ര വിവരങ്ങൾ ഇല്ല. [26]ക്രേത്തയിൽനിന്നുള്ള കൂലിപ്പട്ടാളക്കാർ ക്രേത്യരായിരുന്നു. [27]ഫെലിസ്ത്യയിൽനിന്നുള്ള കൂലിപ്പട്ടാളക്കാർ പെലേത്യരായിരുന്നു. ആന്തരിക എതിർപ്പു ഒഴിവാക്കുവാൻ ദാവീദ് വിദേശിയ അംഗരക്ഷകരെ വാടകക്കെടുത്തതാകാം. [28]2 ശമുവേൽ 8:18-ലെ എബ്രായമൂലഭാഷ പറയുന്നതു ദാവീദിന്റെ പുത്രന്മാർ "പുരോഹിതർ" ആയിരുന്നു എന്നാണ്. അവർ ലേവ്യാഗോത്രത്തിൽപെട്ടവരല്ലാത്തതുകൊണ്ടും ദിനവൃത്താന്ത എഴുത്തുകാരൻ വേറെ വാക്ക് ഉപയോഗിച്ചിരിക്കുന്നതിനാലും, അവർ സാധാരണ അർത്ഥത്തിൽ പുരോഹിതന്മാർ ആയിരുന്നില്ല. 2 ശമുവേൽ 8-ൽ കെജെവി അവരെ പറയുന്നത് "മുഖ്യ പ്രമാണിമാർ" എന്നാണ്; എൻഐവി അവരെ "രാജകീയ ഉപദേഷ്ടാക്കന്മാർ" എന്നാണ് വിളിച്ചിരിക്കുന്നത്. [29]ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ സെക്കെന്റ് ശമുവേൽ* (അബിലീൻ, ടെക്സ്.: ഏസിയു പ്രസ്, 1992), 114. [30]2 ശമുവേൽ 21-ലെ സംഭവങ്ങൾ നടന്നത് 2 ശമുവേൽ 9-നു ശേഷമാണെങ്കിൽ, ശൗലിന്റെ മറ്റു അനന്തരാവകാശികൾ അപ്പോഴും ജീവിച്ചിരിപ്പുണ്ടാകാം (2 ശമുവേൽ 21:8 ശ്രദ്ധിക്കുക). ദാവീദിന്റെ യഥാർത്ഥ പ്രസ്താവനയെ കുറിച്ചു ഒരുപക്ഷെ സിബാ അറിഞ്ഞിരിക്കാം, "ഞാൻ *യോനാഥാൻ* നിമിത്തം അവനോടു ദയ കാണിക്കേണ്ടതിന്നു," എന്നാൽ യോനാഥാന്റെ സന്തതിയെക്കുറിച്ചു മാത്രമേ സൂചിപ്പിച്ചിരിക്കയുള്ളു.

[31]1 ദിനവൃത്താന്തം 8:34 നോക്കുക. "മെരീബ്-ബാൽ" (അല്ലെങ്കിൽ "മേരി-ബാൽ") എന്നതിന്റെ അർത്ഥം നിശ്ചയമില്ല; "ബാൽ" എന്നത് "യജമാനൻ" എന്നോ അല്ലെങ്കിൽ അന്യ ദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ദേവൻ എന്നോ ഉള്ള അർത്ഥത്തിലാണ് എല്ലാം ആശ്രയിച്ചിരിക്കുന്നത്. അതിനു "ബാലിന്റെ എതിരാളി" എന്നോ അല്ലെങ്കിൽ "യജമാനന്നു പ്രിയനായവാൻ" എന്നോ അർത്ഥം വരാം. "ബാൽ" എന്ന വാക്ക് ഒഴിവാക്കുവാൻ, 1-ഉം 2-ഉം ശമുവേലിന്റെ ലേഖകൻ "ഷെയിം" എന്നതിനുള്ള എബ്രായവാക്കിനെ ഇവിടെ ഉപയോഗിച്ചതാകാം ("ഈശ്-ബോശെത്തിനെ" കുറിച്ചുള്ള ആദ്യത്തെ കുറിപ്പുകൾ നോക്കുക). "മെഫീബോശെത്ത്" എന്നതിനർത്ഥം "നാണം ഛിന്നിക്കുന്നവൻ" അല്ലെങ്കിൽ "നാണത്തെ എതിർക്കുന്നവൻ" എന്നാണ്. [32]ശൗലിനെയും അവന്റെ ഗൃഹത്തെയും പിന്തുണച്ചവനായിരുന്നു മാഖീർ എന്നതു സ്പഷ്ടമാണ്. മെഫീബോശെത്തിനോടു ദാവീദ് ദയ കാണിച്ചശേഷം, മാഖീർ ദാവീദിനെ പിന്തുണക്കുന്നവനായിതീർന്നു (2 ശമുവേൽ 17:27-29). [33]ലോ-ദേബാർ കൃത്യമായി എവിടെ സ്ഥിതിചെയ്തിരുന്നു എന്നറിയില്ല. ചിലർ വിചാരിക്കുന്നതു അത് മഹാനായിമിന്റെ ഏതാണ്ട് ഇരുപതുമൈൽ വടക്ക്-വടക്കു പടിഞ്ഞാറായി സ്ഥിതിചെയ്തിരുന്നു എന്നാണ്, അതു ഈശ്-ബോശെത്തിന്റെ തലസ്ഥാനമായി പ്രവർത്തിച്ചിരുന്നു. [34]മെഫീബോശെത്തിന്റെ മകന്റെ പേർ മീഖാ എന്നായിരുന്നു (2 ശമുവേൽ 9:12). മീഖായുടെ സന്തതി യിസ്രായേലിൽ പ്രമുഖനായിതീർന്നു (1 ദിനവൃത്താന്തം 8:34-40; 9:40-44). [35]ബേത്ത്ശേബയുടെ

അപ്പനെയും അമീയേൽ എന്നു 1 ദിനവൃത്താന്തം 3:5-ൽ വിളിച്ചിരിക്കകൊണ്ടു, ഈ അമീയേൽ തന്നെയാണോ ആ അമീയേൽ എന്നതിലും മാഖീറും ബേത്ത്ശേബയും സഹോദരനും സഹോദരിയും ആണോ എന്നതിലും ചില സംശയങ്ങളുണ്ട് - അങ്ങനെ ആ മാഖീർ പിന്നീടു ദാവീദിന്റ അളിയൻ ആയി മാറി. [36]ഒരുപക്ഷെ മെഫീബോശെത്തിനെ ചുമന്നിരിക്കാം. [37]ദാവീദ് അവന്റെ പേർ പറഞ്ഞു (2 ശമുവേൽ 9:6). മെഫീബോശെത്തിന്റെ പേർ ഉറക്കെ വിളിച്ചതുകൊണ്ട്, തന്റെ സ്നേഹിതന്റെ മകനാണോ അത് എന്നു ദാവീദിനു ഉറപ്പില്ലായിരുന്നു എന്നാണ് ഞാൻ അർത്ഥമാക്കുന്നത്. [38]രാജസന്നിധിയിൽ വരുന്നതിന്റെ സാധാരണ രീതിയായിരുന്നു ഒരാൾ സാഷ്ടാംഗം വീഴുന്നത്. [39] ഒരാൾ അവനെ സ്വയം നായെന്നു സൂചിപ്പിക്കുന്നത് സ്വയം-താഴ്ത്തുന്നതിനെ പ്രകടിപ്പിക്കുന്നതാണ്. ദാവീദ് തന്നെ ശൗലിന്റെ അടുക്കൽ ഇതേ പദം ഉപയോഗിച്ചു പറഞ്ഞിട്ടുണ്ട് (1 ശമുവേൽ 24:14). [40]2 ശമുവേൽ 9:9-11. പിന്നീടുണ്ടായ സംഭവങ്ങളുടെ വെളിച്ചത്തിൽ (2 ശമുവേൽ 16:1-4), സീബാ മടിച്ചുകൊണ്ടു സമ്മതിച്ചു എന്നു ഞാൻ കരുതുന്നു.

[41]മെഫീബോശെത്തിന്റെ സംഭവം അപ്പോഴും കഴിഞ്ഞിട്ടില്ല. ഏതോ ഒരു സന്ദർഭത്തിൽ, ദാവീദ് അവന്റെ ജീവൻ രക്ഷിച്ചുകാണും (2 ശമുവേൽ 21:7, 8). വീണ്ടും, ദാവീദ് അബ്ശാലോമിൽനിന്നു ഓടിപോയപ്പോൾ മെഫീബോശെത്ത് മടങ്ങിവന്നു (2 ശമുവേൽ 16:1-4; 19:24-30). [42]ഇതു കാലക്രമപ്രകാരമുള്ള പ്രസ്താവനയേക്കാൾ വീണ്ടും ഒരുപക്ഷെ പരസ്പരം യോജിപ്പിക്കുന്ന പ്രയോഗമാകാം. [43]നാഹാശ് ശൗലിന്റെ ശത്രു ആയിരുന്നതുകൊണ്ടു (1 ശമുവേൽ 11:1-11), ശൗലിനെ എതിർക്കുന്നതിനുവേണ്ടിയായിരിക്കാം ഒരുപക്ഷെ അവൻ ദാവീദിനോടു ദയ കാണിച്ചത്. [44]2 ശമുവേൽ 10:3-ൽ പറഞ്ഞ "പട്ടണം" ആയിരുന്നു രാബ. രാബ യോർദ്ദാൻ നദിക്കു കിഴക്കും, യെരിഹോക്കു ഏകദേശം ഇരുപത്തി-മൂന്നു മൈൽ കിഴക്കു മാറിയുമാണ് സ്ഥിതി ചെയ്തിരുന്നത്. ഇന്ന് അതു യോർദ്ദാന്റെ തലസ്ഥാനമായ, അമ്മോൻ എന്ന് അറിയപ്പെടുന്നു. [45]ഇവരെ വാടകക്ക് എടുത്തതിന്റെ ചെലവ് "1,000 താലന്തു വെള്ളി" ആണെന്നു ദിനവൃത്താന്ത എഴുത്തുകാരൻ പറയുന്നു (1 ദിനവൃത്താന്തം 19:6) - അത് ഏതാണ്ട് പത്തു ദശലക്ഷം ഡോളറിനു അടുത്തു വരും! [46]മറ്റു ദേശങ്ങളായി പറഞ്ഞിരിക്കുന്ന, മാഹയും തോബും, അമ്മോനിന്റെ അയൽ ദേശങ്ങളായിരുന്നു. [47]മുഖ്യ ഉത്തേജകന്മാരിൽ ഒരാളായിരുന്നു, സോബ രാജാവായിരുന്ന, ഹദദേസെർ (2 ശമുവേൽ 10:16, 19). ദാവീദ് ഹദദേസെറുമായി യുദ്ധം ചെയ്തിരുന്നതായി നാം മുൻപു അദ്ധ്യായം 8-ൽ കണ്ടു (വാ. 3, 5, 7-10). അദ്ധ്യായം 8-ലും 10-ലും പറഞ്ഞിരിക്കുന്ന യുദ്ധങ്ങൾ തമ്മിൽ, എന്തെങ്കിലും ബന്ധം ഉണ്ടോ എന്നു, നമുക്ക് തീർച്ചപ്പെടുത്താൻ മതിയായ രേഖകളില്ല. അദ്ധ്യായം 10-ൽ പറഞ്ഞിരിക്കുന്ന യുദ്ധങ്ങൾ മുൻപു നടന്നവയാണെന്നു ചിലർ കരുതുന്നു; വേറെ ചിലർ കരുതുന്നതു അവ ഒരേ യുദ്ധത്തിന്റെ ഭാഗമായിരുന്നു എന്നാണ്. [48]ഇതു ഒരുപക്ഷെ, "അരാമ്യർ ദാവീദിന്നു ഭൃത്യന്മാരായി തീരുകയും, അവന്നു കപ്പം കൊടുക്കയും ചെയ്തു" എന്നു പറയുന്ന 2 ശമുവേൽ 8:6-മായി യോജിക്കുന്നതാകാം. [49]2 ശമുവേൽ 12:27. എൻഎഎസ്ബി, കെജെവി, ആർഎസ്‌വി എന്നിവയിൽ "ദ സിറ്റി ഓഫ് വാട്ടേഴ്സ്" എന്നാണുള്ളത്. എൻഐവിയിൽ "ഇറ്റ്സ് വാട്ടർ സപ്ലൈ" എന്നും ആണ്. [50]പൊതുവിൽ, കൊള്ളമുതലിനുള്ള അധികാരം അത് പിടിച്ചടക്കിയവർക്കാണ്. ഈ സംഭവത്തിൽ ദാവീദ് സ്വയം അപകീർത്തിപ്പെടുത്തിയെങ്കിൽപോലും യോവാബിനു ദാവീദിനോടു ഭക്തിയുണ്ടായിരുന്നു എന്നു കാണിക്കുന്നു.

[51]"രാജാവ്" എന്ന് തർജ്ജിമ ചെയ്തിരിക്കുന്നത് അമ്മോന്യ ദേവനെയും സൂചിപ്പിക്കാം. ഒരു താലന്ത് സ്വർണ്ണം 100 മുതൽ 125 വരെ പൗണ്ട് തൂക്കം വരുന്നതുകൊണ്ട്, അനേകം പേർ വിചാരിക്കുന്നത് കിരീടം വെച്ചിരുന്നത് ഒരു വിഗ്രഹത്തിന്മേൽ ആയി

രുന്നു എന്നാണ്. ഒരുപക്ഷെ അങ്ങനെയാകാം, എന്നാൽ അത്തരം കിരീടങ്ങൾ ധരിക്കുന്നതിനേക്കാൾ കാഴ്ച്ചക്ക് വയ്ക്കുന്നതാണ് എന്നോർമ്മിക്കുക. (ശ്രദ്ധിക്കുക: ആ കിരീടം ഇന്നത്തെ വിലക്ക് ഉദ്ദേശം ചുരുങ്ങിയത് കാൽ ദശലക്ഷം വിലയുണ്ടാകും!) [52]എൻഎഎസ്ബി മൂലഭാഷയോട് വളരെ സാമ്യമുള്ളതാണ്, എന്നാൽ അമ്മോന്യരെ അടിമകളാക്കുന്നതിനെ കുറിച്ചാണോ ലേഖകൻ സംസാരിക്കുന്നത് അല്ലെങ്കിൽ ഉപദ്രവത്തെ കുറിച്ചാണോ സംസാരിക്കുന്നത് എന്ന ചോദ്യം അവശേഷിക്കുന്നു. അമ്മോന്റെ രാജകീയ കുടുംബത്തിലെ ഒരാൾ പിന്നീട് ദാവീദിനെ സഹായിക്കുകയാൽ (2 ശമുവേൽ 17:27), ദാവീദ് അവരെ ഉപദ്രവിച്ചു എന്നു വിശ്വസിക്കുവാൻ എനിക്കു പ്രയാസമാണ്, അതുകൊണ്ട് ഞാൻ എൻഐവി യാണ് ഉപയോഗിച്ചിരിക്കുന്നത്. എങ്ങനെയായാലും, ദാവീദ് മോവാബ്യരോട് എങ്ങനെ പെരുമാറി എന്നതും, (അമ്മോന്യരുടെ കസിൻസ്) അമ്മോൻ രാജാവ് തന്റെ ആളുകളോട് കാണിച്ച പരിഹാസത്തെയും പരിഗണിച്ചാൽ, ദാവീദ് അമ്മോന്യരെ പീഡിപ്പിച്ചു എന്നു വിശ്വസിക്കുവാനുള്ള സാധ്യത നിലനില്ക്കുന്നു. [53]ഈ മിസ്രയിമ്യ നദി നൈൽ ആയിരുന്നില്ല. *ദാവീദിന്റെ സാമ്രാജ്യത്തെ* കുറിക്കുന്ന പടം നോക്കുക. [54]ദാവീദിന്റെ പ്രതിജ്ഞ യഹോവയുടെ സന്നിധിയിൽ വെച്ചാ*യിരുന്നു* (നോക്കുക 1 ശമുവേൽ 20:16, 17). [55]ചാൾസ് ആർ. സ്വിൻഡൊൾസ് സ്റ്റഡി ഗൈഡിൽ, ഈ പ്രാസംഗികനെ കുറിച്ചു പറഞ്ഞിരിക്കുന്നു, എന്നാൽ പേർ പറഞ്ഞിട്ടില്ല, *ഡേവിഡ്: എ മാൻ ആഫ്റ്റർ ഗോഡ്സ് ഓൺ ഹാർട്ട്* (ഫുള്ളെർറ്റൺ, കാലിഫ്.: ഇൻസൈറ്റ് ഫോർ ലിവിങ്, 1988), 80.